ദി ഡിഫെൻഡർ

Vol. No. 9 Issue No. 23 RNI Reg. No. 68089 / 97 Published From Perumbavoor 2006 DECEMBER 1 Price: Rs.100/- P.A.

# കൊല്ലത്തിന്റെ ശാപം ചുമ്മാഡോകൾ പൊട്ടിക്കും



ചുമ്മാഡോ തോമസ്കുട്ടി, ചുമ്മാഡോ തങ്കു എന്നിവർ ചേർന്ന് കൊല്ലം നഗരത്തിന്റെ ശാപം പൊടിക്കും. ഡിസംബർ 7 മുതൽ 10 വരെയുള്ള ദിവസങ്ങളിലാണ് ശാപം പൊട്ടിക്കുന്നത്.

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുക, മാനസാന്തരപ്പെടുക, വീണ്ടും ജനനം പ്രാപിക്കുക തുടങ്ങിയതൊന്നും ചെയ്താൽ ശാപം പൊട്ടുകയില്ല എന്നാണ് ഇവരുടെ വാദം. ശാപം പൊട്ടണമെങ്കിൽ തോമസ്കുട്ടി, തങ്കു എന്നിവരുടെ സഹായം കൂടിയേകഴിയൂ.

എന്തൊക്കെയാണ് ശാപത്തിന്റെ ലക്ഷണം? വിട്ടുമാറാത്ത രോഗങ്ങൾ, സാമ്പത്തിക പ്രയാസങ്ങൾ, അപകടങ്ങൾ, അകാല മരണം തുടങ്ങിയവയിൽ ഏതെങ്കിലും ഉണ്ടെങ്കിൽ ശാപം നിലനിൽക്കുന്നു എന്നു തീർച്ച. ശാപം പൊട്ടിച്ചാൽ പ്രശ്നം തീരും. അതോടെ സകല രോഗവും മാറും. ദാരിദ്ര്യവും സാമ്പത്തിക ബുദ്ധിമുട്ടും ഒക്കെ പമ്പ കടക്കും. അപകടങ്ങളോ അകാല മരണമോ ഉണ്ടാകുകയില്ല. ജോലി ഇല്ലാത്തവർക്ക് ജോലി കിട്ടും. ജോലി ഉള്ളവർക്ക് പ്രമോഷനോ കൂടുതൽ നല്ല ജോലിയോ കിട്ടും. പെൺകുട്ടികളുടെ വിവാഹം നടക്കും. വിലകൂടിയ വസ്ത്രം, വലിയ വീട്, വിലകൂടിയ കാറ് തുടങ്ങിയവയും കിട്ടും. ഒരു കൺവെൻഷനിൽ പങ്കെടുത്താൽ ഇത്രയുമൊക്കെ കിട്ടുമെങ്കിൽ നാലു ദിവസം മിനക്കെട്ടുകളയാം എന്ന് ആരും തീരുമാനിക്കും.

ആരാണ് ഈ അനുഗ്രഹങ്ങളൊക്കെ ചൊരിയുന്നത്. ചുമ്മാഡോ തങ്കുവാണ് ഒരു ദിവ്യൻ. ചുമ്മാഡോ തോമസ്കുട്ടിയാണ് മറ്റൊരാൾ. ഇവരെ എന്തുകൊണ്ടാണ് ചുമ്മാഡോ എന്നു വിളിക്കുന്നത് എന്ന് സംശയിക്കുന്നവരുടെ അറിവിലേക്ക് പറയട്ടെ, ഇവർ ചുമ്മാഡോകളാണ്. അതുകൊണ്ടാണ് ഇവരെ അങ്ങനെ വിളിക്കുന്നത്.

ഡോ.കോശി ഏബ്രഹാം, റവ.ഡോ.ബാബു ജോർജ് എന്നൊക്കെ കേട്ടിട്ടില്ലേ? അതുപോലെയാണ് ഈ ശാപം പൊട്ടിക്കൽ വീരൻമാരുടെ ഡോയും. പത്താംക്ലാസ്സുകാരനായ കോശി ഏബ്രഹാം എങ്ങനെ ഡോ ആയി? പത്താം ക്ലാസ്സിൽ തോറ്റ ബാബു ജോർജ് ഡാക്കിട്ടറായതെങ്ങനെ? റ്റി.എസ്.ബാലന്റെ പട്ടിക്ക് കിട്ടിയതുപോലുള്ള ഓരോ ഡോക്ട്രേറ്റ് ഇവർക്കും കിട്ടി. തങ്കുവും തോമസ്കുട്ടിയും ഡോ ആയതും ഇങ്ങനെതന്നെ. ഇവർ വൈദ്യശാസ്ത്രം പഠിച്ചിട്ടില്ല. അതുകൊണ്ട് ആ വകയിലുള്ള ഡോക്ടർമാരല്ല. ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്ന് ഇവർക്ക് ഡോക്ട്രേറ്റ് ലഭിച്ചിട്ടുമില്ല. എന്നിട്ടും ഇവർ ഡാക്കിട്ടർമാരാണ്. അതുകൊണ്ടാണ് "ചുമ്മാഡോ" എന്ന് ഇവരെ വിളിക്കുന്നത്.

ഇല്ലാത്ത ഡോക്ട്രേറ്റ് ഉണ്ടെന്നു പ്രഖ്യാപിച്ചു നടക്കുന്ന ഈ വ്യാജൻമാർ എങ്ങനെയാണ് ശാപം പൊട്ടിക്കുന്നത്? ഭോഷ്ക്കു പറയുന്നവൻ പിശാചിന്റെ മകൻ എന്ന് ദൈവവചനം വ്യക്തമായി പറയുന്നു. അതുകൊണ്ട് വ്യാജ ഡോക്ട്രേറ്റുമായി നടക്കുന്ന ഇവർ സാത്താന്റെ ദാസൻമാരാണെന്നു വ്യക്തം.

നടക്കാത്ത അത്ഭുതം നടന്നെന്നും ഉണ്ടാകാത്ത രോഗശാന്തി ഉണ്ടായെന്നും പറഞ്ഞ് ജനത്തെ കബളിപ്പിക്കയാണ് ഈ കള്ളൻമാർ ചെയ്യുന്നത്. മരിച്ചവരെ ഉയിർപ്പിച്ചു എന്നുവരെ ഈ ഭോഷ്ക്കിന്റെ പുത്രൻമാർ പറഞ്ഞിട്ടുണ്ട്. കൊല്ലത്തും ഇതൊക്കെത്തന്നെ സംഭവിക്കും. പുറമെ കാണാനാവാത്ത രോഗങ്ങൾ സൗഖ്യമായതായി പ്രഖ്യാപിക്കും. പക്ഷേ നേരിൽ കണ്ട് ബോദ്ധ്യപ്പെടാൻ കഴിയുന്ന ഒരു രോഗശാന്തിയും ഉണ്ടാകില്ല.

പെന്തക്കോസ്ത് വിശ്വാസികളും ചില പെന്തക്കോസ്ത് പത്രങ്ങളും ഈ തട്ടിപ്പിന് കൂട്ടുനിൽക്കുന്നുണ്ട്. ചവർ ചാനലും ഈ ഹീനകൃത്യത്തിന് സഹായം ചെയ്യുന്നു. ഈ തിൻമയ്ക്കെതിരെ പ്രതികരിക്കാൻ പെന്തക്കോസ്ത് നേതാക്കൻമാർക്ക് ധൈര്യമില്ല. അതിനാവശ്യമായ വചന പരിജ്ഞാനവുമില്ല. ഇവർ തട്ടിപ്പുകാരാണെന്ന് വിവേചിച്ചറിയാൻ സഭാനേതാക്കൻമാർക്ക് കഴിയുന്നതുമില്ല. അതുകൊണ്ട് ഈ തട്ടിപ്പ് ഒരു ബുദ്ധിമുട്ടും കൂടാതെ നടത്താൻ കഴിയുന്നു.

## രുദ്രാക്ഷാനന്ദന് സമനില തെറ്റുന്നു



രുദ്രാക്ഷാനന്ദന് സമനില തെറ്റുകയാണോ? കഴിഞ്ഞ ചില ആഴ്ചകളായി ഇയാളുടെ പെരുമാറ്റം ശ്രദ്ധിക്കുന്ന ആർക്കും ഇങ്ങനെയൊരു സംശയം ഉണ്ടാകാം. പരസ്പര ബന്ധമില്ലാതെ സംസാരിക്കുക, അകാരണമായി കോപിക്കുക, ആരോടൊക്കെയോ പ്രതികാരം ചെയ്യുമെന്ന് വീമ്പിളക്കുക തുടങ്ങിയതൊക്കെയാണ് സ്ഥിരം പരിപാടികൾ.

ഈ മാന്യദേഹം ഗംഗയിൽ മുങ്ങി കാവിയുടുത്ത് രുദ്രാക്ഷവുമിട്ട കാര്യം ഡിഫെൻഡർ പുറത്താക്കിയതാണ് പ്രശ്നമായിരിക്കുന്നത്. സുവിശേഷത്തിന്റെ പേരിൽ ഇനി തട്ടിപ്പു നടത്താൻ പറ്റില്ലെന്ന് മാത്യൂസ് തിരിച്ചറിഞ്ഞുകഴിഞ്ഞു. ഉപജീവനത്തിന് ഇനി ആരെ കബളിപ്പിക്കും എന്നറിയാതെ കുഴയുകയാണിപ്പോൾ.

## വൽസന്റെ തട്ടിപ്പിന് പുതിയ മുഖം



പാവപ്പെട്ട കുട്ടികളുടെ കണ്ണുനീർ വിറ്റ് ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കുന്ന പരമ നീചനായ വൽസൻ ഏബ്രഹാമിന് ഒരു സാധു പെൺകുട്ടിയുടെ ചിത്രം കൂടി ലഭിച്ചിരിക്കുന്നു. വൽസന്റെ സ്വന്തം പ്രസ്ഥാനമായ ഇന്ത്യാ ഗോസ്പൽ ഔട്ട്റീച്ചിന്റെ ഔദ്യോഗിക വെബ്സൈറ്റിലാണ് (www.indiago.org)ഈ ചിത്രം കൊടുത്തിരിക്കുന്നത്.

ഈ വെബ്സൈറ്റിൽ ആദ്യമായല്ല സാധുക്കളായ കുട്ടികളുടെ ചിത്രം കൊടുക്കുന്നത്. ഒരു തെരുവുകുട്ടിയുടെ ദയനീയമായ ചിത്രം ഏതാനും വർഷം മുൻപ് കൊടുത്തിരുന്നു. പിന്നീട് അതു മാറ്റി സമാനമായ മറ്റൊരു ചിത്രം കൊടുത്തു. അത് ഇപ്പോഴും അവിടെയുണ്ട്. അതു കൂടാതെയാണ് ഈ പുതിയ ചിത്രവും കൊടുത്തിരിക്കുന്നത്.

വൽസന്റെ പ്രസ്ഥാനവും ഈ കുട്ടിയുമായി എന്തു ബന്ധം? വിശേഷിച്ച് ബന്ധമൊന്നുമില്ല. എങ്കിലും ഇതുപോലെയുള്ള സാധുക്കളായ കുട്ടികളുടെ അപ്പോസ്തലനാണ് വൽസൻ എന്നൊരു ധാരണ പരത്താൻ ഈ ചിത്രം ഉപകരിക്കും. വൽസന്റെ പോക്കറ്റിലേക്ക് പണം ഒഴുകാൻ ഇത് സഹായകമാകും.

ഇന്ത്യയിലെ തെരുവുകുട്ടികളുടെ ചിത്രം കാണിച്ച് സമ്പാദിച്ച പണം കൊടുത്താണ് അടുത്ത കാലത്ത് വൽസൻ ഓതറയിൽ റബ്ബർ തോട്ടം വാങ്ങിയത്. പിച്ചച്ചട്ടിയിൽ കൈയ്യിട്ടുവാരി സമ്പാദിച്ച പണം ഉപയോഗിച്ചാണ് വൽസന്റെ ഭാര്യയും മക്കളും ആർഭാടജീവിതം നയിക്കുന്നത്. ഈ പരമ നീചനാണ് ഐ.പി.സിയുടെ ജനറൽ സെക്രട്ടറി. കഷ്ടമെന്നേ പറയേണ്ടൂ.

## ശാരോൻ കൺവെൻഷൻ ഈയാഴ്ച

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ജനറൽ കൺവെൻഷൻ ഈ ആഴ്ച നടക്കുകയാണ്. ഡിസംബർ 3-ാം തീയതി കൺവെൻഷൻ സമാപിക്കും.

ശാരോനിൽ ആകെ ഇരുപതിൽ താഴെ അംഗങ്ങൾ മാത്രമേ ഉള്ളൂ എന്നാണ് ശാരോൻ നേതാക്കൻമാർ പറയുന്നത്. അപ്പോൾ ശാരോൻ ജനറൽ കൺവെൻഷനിൽ അത്രയും ആളുകൾ പങ്കെടുത്താൽ മതിയാകും. പക്ഷേ ശാരോന്റെ നേതൃത്വത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായുള്ള സഭകളിലെ ശുശ്രൂഷകൻമാർക്കും വിശ്വാസികൾക്കും വിവരം ഇല്ലാത്തതുകൊണ്ട് കൺവെൻഷൻ ഗ്രൗണ്ട് നിറയെ ആളുകൾ എത്താറുണ്ട്. ശാരോൻ തങ്ങളുടെ സഭയാണെന്നും തങ്ങൾ ശാരോനിലെ അംഗങ്ങളാണെന്നും ഒക്കെ തെറ്റിദ്ധരിച്ചാണ് ഈ വിഡ്ഢികളൊക്കെ വരുന്നത്. കൺവെൻഷൻ നടത്താൻ ഇവർ പണം കൊടുത്ത് സഹായിക്കുകയും ചെയ്യും. പക്ഷേ ഈ പാവങ്ങൾ സത്യം അറിയുന്നില്ല.

ശാരോനിലെ അംഗങ്ങളല്ല ഇവരാരും. കേവലം ഇരുപതിൽ താഴെ അംഗങ്ങൾ മാത്രമേ ശാരോൻ ഫോലോഷിപ്പിൽ ഉള്ളൂ. ശാരോനിലെ സാധാരണക്കാരായ ശുശ്രൂഷകൻമാർക്കോ വിശ്വാസികൾക്കോ ശാരോനിൽ അംഗത്വമില്ല. അവർ ശാരോന്റെ ആരുമല്ല. ശുശ്രൂഷകൻമാരേയും വിശ്വാസികളേയും ഈ സത്യം അറിയിക്കാതിരിക്കാൻ നേതാക്കൻമാർക്ക് കഴിയുന്നു.

എല്ലാ പെന്തക്കോസ്ത് പ്രസ്ഥാനവും ജനറൽ കൺവെൻഷൻ നടത്തുന്നതുകൊണ്ട് ശാരോനും ജനറൽ കൺവെൻഷൻ നടത്തുന്നു. മറ്റു പ്രസ്ഥാനങ്ങൾ പോലെയുള്ള ഒരു പെന്തക്കോസ്ത് പ്രസ്ഥാനമാണിത് എന്ന് വിശ്വാസികളേയും ശുശ്രൂഷകൻമാരേയും തെറ്റിദ്ധരിപ്പിക്കുകയാണ് ജനറൽ കൺവെൻഷന്റെ ഉദ്ദേശ്യം. വിശ്വാസികളോട് പണം വാങ്ങി വിശ്വാസികളെ കബളിപ്പിക്കുന്നു. ആരും എതിർത്ത് ഒരു വാക്കും പറയുന്നുമില്ല.

ദി ഡിഫെൻഡർ
Vol. No.9 Issue No. 23 2006 December 1

# സഭാനേതാക്കൻമാർ കടമ നിർവ്വഹിക്കണം

സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന നിരവധി സംഘടനകൾ പെന്തക്കോസ്തിലുണ്ട്. ഐ.പി.സി., ശാരോൻ, എ.ജി തുടങ്ങിയവ ഉദാഹരണം. ഇവയൊന്നും സഭകളല്ല, കേവലം മനുഷ്യനിർമ്മിതമായ സംഘടനകൾമാത്രമാണ്. എങ്കിലും വചനപരിജ്ഞാനമില്ലാത്ത വിശ്വാസികൾ ഈ സംഘടനകളെ ദൈവസഭയായി കണക്കാക്കുകയും ഈ സംഘടനകളുടെ നേതാക്കൻമാരെ ദൈവദാസൻമാരായി പരിഗണിക്കയും ചെയ്യുന്നു. അതുകൊണ്ട് ദൈവജനത്തെ നേർവഴിക്ക് നടത്താനുള്ള കടപ്പാട് ഈ നേതാക്കൻമാർക്കുണ്ട്.

പെന്തക്കോസ്ത് സംഘടനകളുടെ ആദ്യകാല നേതാക്കൻമാർ ഈ കർത്തവ്യത്തേക്കുറിച്ച് ബോധവാൻമാരായിരുന്നു. ദുരുപദേശങ്ങൾക്കെതിരെ പോരാടുന്നതിൽ അവർ മുൻപന്തിയിൽ ആയിരുന്നു. പാസ്റ്റർ കെ.ഇ.ഏബ്രഹാം എഴുതിയ മഹതിയാം ബാബിലോൺ, പരിശുദ്ധാത്മസ്നാനം തുടങ്ങിയ കൃതികൾ ഈ രംഗത്തെ ക്ലാസിക്കുകളാണ്. പാസ്റ്റർ റ്റി.ജി.ഉമ്മൻ സിലോൺ പെന്തക്കോസ്ത് മിഷന്റെ ദുരുപദേശങ്ങളേക്കുറിച്ച് എഴുതുകയും ചെയ്തു. ഇത്തരത്തിലുള്ള നിരവധി ഗ്രന്ഥങ്ങൾ അക്കാലത്ത് എഴുതപ്പെട്ടു. എന്നാൽ ഇന്നത്തെ സ്ഥിതി പരമ ദയനീയമാണ്.

കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഏതെങ്കിലും പെന്തക്കോസ്ത് സംഘടനയുടെ നേതാവ് ദുരുപദേശങ്ങൾക്കെതിരേ ഒരു ലഘുഗ്രന്ഥമെങ്കിലും ഇറക്കിയിട്ടുണ്ടോ? ഗ്രന്ഥമെന്നല്ല ഒരു ചെറിയ ലേഖനം പോലും അവർ എഴുതിയിട്ടില്ല. കൺവെൻഷൻ സ്റ്റേജുകളിൽ ദുരുപദേശങ്ങൾക്കെതിരെ പ്രസംഗിച്ചതായും അറിവില്ല. ഇതൊന്നും തങ്ങളെ ബാധിക്കുന്ന വിഷയമേ അല്ല എന്ന ഭാവമാണ് അവർക്കുള്ളത്.

ദുരുപദേശങ്ങൾ കണ്ടില്ലെന്നു നടിക്കാൻ വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾക്ക് ആവില്ല. ആദ്യകാല പെന്തക്കോസ്ത് നേതാക്കൻമാർ ദുരുപദേശങ്ങൾക്കെതിരെ പടപൊരുതിയിരുന്നില്ലെങ്കിൽ പെന്തക്കോസ്ത് പ്രസ്ഥാനമോ പെന്തക്കോസ്ത് ഉപദേശമോ ഉണ്ടാകുമായിരുന്നില്ല.

രോഗശാന്തിയുടെ പേരിൽ ഇന്ന് ഒട്ടേറെ തട്ടിപ്പുകൾ നടക്കുന്നു. സമൃദ്ധിയുടെ സുവിശേഷം പെന്തക്കോസ്തിന്റെ ഭാഗമായിക്കഴിഞ്ഞു. സുവിശേഷമെന്ന പേരിൽ ഇന്ന് പ്രസംഗിക്കപ്പെടുന്നത് മറ്റൊരു സുവിശേഷമാണ്. ഇതിനൊക്കെ എതിരേ പെന്തക്കോസ്ത് നേതാക്കൻമാർ എന്തുകൊണ്ട് പ്രതികരിക്കുന്നില്ല? ഉത്തരം വ്യക്തം. ഈ നേതാക്കൻമാരും ഇത്തരം ദുരുപദേശങ്ങൾ വിശ്വസിക്കയും അവ പ്രചരിപ്പിക്കയും ചെയ്യുന്നു. ഇവയൊക്കെ ദുരുപദേശങ്ങളാണ് എന്ന് മനസ്സിലാക്കാനുള്ള വിവരം ഈ നേതാക്കൻമാർക്കില്ല. തങ്ങളുടെ കസേരക്ക് ഇളക്കം തട്ടാതെ നോക്കുന്നതിൽ മാത്രമാണ് ഇവർക്കൊക്കെ ഇപ്പോൾ താല്പര്യം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ
വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ഇതുപോലൊരു ഗതികേട് ഈ ഭൂമിമലയാളത്തിൽ മറ്റൊരു രാഷ്ട്രീയ പാർട്ടിക്കും ഉണ്ടായതായി അറിവില്ല. ഡി.ഐ.സിയുടെ കാര്യമാണ് പറഞ്ഞുവരുന്നതെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. പറയത്തക്ക ഒരു കാരണവും കൂടാതെ കോൺഗ്രസ്സ് വിട്ടു. എൻ.സി.(ഐ). എന്ന പേരിൽ ഒരു പാർട്ടിയുമുണ്ടാക്കി. ഏറെ താമസിയാതെ പാർട്ടിയുടെ പേര് മാറി. അങ്ങനെ ഡി.ഐ.സി ആയി. ഇടതുപക്ഷത്ത് ചേരാമെന്നായിരുന്നു പ്രതീക്ഷ. പക്ഷേ അതു നടന്നില്ല. ഗത്യന്തരമില്ലാതെ യു.ഡി.എഫിൽ തിരിച്ചെത്തി. തെരഞ്ഞെടുപ്പിൽ ജനം തിരസ്ക്കരിച്ചു. അതോടെ യു.ഡി.എഫ് വിട്ടു. എങ്ങുമില്ലാതെ കുറച്ചുകാലം തെണ്ടിനടന്നു. ഇപ്പോൾ എൻ.പിസിയിൽ ലയിച്ചിരിക്കുന്നു. ലീഡറും പുത്രനുമുള്ള എൻ.പി.സിയെ വേണ്ടേ വേണ്ട എന്ന് ഇടതുപക്ഷം പറയുന്നു. എന്നിട്ടും ഇടതുപക്ഷത്തിന് പിൻതുണ കൊടുക്കുന്നു. ചവിട്ടി പുറത്താക്കുന്നതുവരെ പിൻതുണ നൽകുമത്രേ. ഇത്ര വലിയ ഗതികേട് പിള്ളയ്ക്കോ ജേക്കബ്ബിനോ പോലും ഉണ്ടായിട്ടില്ല.

എൻ.പി.സിക്ക് ഇടതുപക്ഷത്ത് തുടരാനാവില്ല എന്ന് തീർച്ച. ഇനി എന്തു ചെയ്യും? യു.ഡി.എഫിലേക്ക് മടങ്ങിപ്പോകാനാകുമോ? രാഷ്ട്രീയക്കാരുടെ തൊലിക്കട്ടി അപാരമാണ്. അതുകൊണ്ട് ആ സാദ്ധ്യത തള്ളിക്കളയാനാവില്ല. മൂന്നാം മുന്നണി ഉണ്ടാക്കുമോ? അതിന് ശ്രമിക്കാതിരിക്കില്ല. പക്ഷേ കൂടെ ചേരാൻ എത്രപേരെ കിട്ടും എന്ന് കണ്ടുതന്നെ അറിയണം. ഒരു ഗതിയും പരഗതിയും ഇല്ലാതെ, ഗതികിട്ടാപ്രേതം പോലെ, അലഞ്ഞു നടക്കാനാണ് ഏറെ സാദ്ധ്യത. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആകുമെന്ന് അറിഞ്ഞിരുന്നെങ്കിൽ കോൺഗ്രസ്സിൽ നിന്ന് പുറത്തിറങ്ങുമായിരുന്നില്ല.

തിരുവമ്പാടി ഉപതെരഞ്ഞെടുപ്പ് രണ്ടു മുന്നണികൾക്കും ഇരുട്ടടിയായിപ്പോയി. എൽ.ഡി.എഫ് അവിടെ തോറ്റാൽ അത് ഭരണത്തിനെതിരായ വിധിയെഴുത്തായി വ്യാഖ്യാനിക്കപ്പെടും. ജയിക്കുക എന്നത് അത്ര എളുപ്പമാണെന്ന് തോന്നുന്നുമില്ല. പക്ഷേ എൽ.ഡി.എഫ് വിജയിച്ചാൽ അത് യു.ഡി.എഫിന് കനത്ത അടിയാകും. എൽ.ഡി.എഫ് ഭരണത്തിന് ജനം നൽകിയ അംഗീകാരമായി അത് കണക്കാക്കും. അതോടെ സർക്കാരിനെതിരെ പോരാടാൻ ആയുധമില്ലാതെ യു.ഡി.എഫ് കുഴയും.

തിരുവമ്പാടിയിൽ എൽ.ഡി.എഫ് വിജയിച്ചാൽ ഇലക്ഷൻ കേസ്സ് ഉണ്ടാകുമെന്ന് ഏറെക്കുറെ ഉറപ്പായിക്കഴിഞ്ഞു. അധികാര ദുർവ്വിനിയോഗത്തേക്കുറിച്ച് അനുദിനം ആരോപണം ഉയരുകയാണ്. അതിൽ ഒട്ടൊക്കെ കഴമ്പുണ്ടെന്നും പറയാതെവയ്യ. അതിൽ ഒരെണ്ണമെങ്കിലും തെളിഞ്ഞാൽ ഇടതുപക്ഷത്തിന്റെ കാര്യം കഷ്ടത്തിലാകും.

മുല്ലപ്പെരിയാർ രാഷ്ട്രീയക്കാരുടെ സ്വന്തം ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കാൻ കഴിയുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. എല്ലാ രാഷ്ട്രീയ പാർട്ടികളും മുല്ലപ്പെരിയാർ സന്ദർശിച്ചു കഴിഞ്ഞു. ചില കക്ഷികൾ ഒന്നിലധികം തവണ അവിടെപ്പോയി. എല്ലാവരും അണക്കെട്ടിൽ തട്ടിയും മുട്ടിയും പരിശോധിച്ചു. അണക്കെട്ട് അതീവ ഗുരുതരമായ സ്ഥിതിയിലാണെന്നും 136 അടിയിൽ അധികം ജലം സംഭരിക്കാൻ പാടില്ലെന്നും വിധിച്ചു. നമ്മുടെ രാഷ്ട്രീയ നേതാക്കൻമാരൊക്കെ ഇത്രയ്ക്ക് അറിവുണ്ടെന്ന് ഇപ്പോഴാണ് മനസ്സിലായത്. എല്ലാ രാഷ്ട്രീയക്കാരും ഇങ്ങനെ ഒത്തുചേർന്ന് തുഴഞ്ഞിട്ടും വഞ്ചി തിരുനക്കരെത്തന്നെ നിൽക്കുന്നത് അത്ഭുതം തന്നെ.

കേരളത്തിലെ ഏറ്റവും വലിയ അഴിമതി ഏത്? അത് ലാവ്‌ലിൻ അഴിമതിയാണെന്ന കാര്യത്തിൽ യു.ഡി.എഫിന് സംശയമേയില്ല. കാരണം, അഴിമതി നടത്തിയതായി ആരോപിക്കപ്പെടുന്നത് എൽ.ഡി.എഫിൽ ഉള്ളവരാണല്ലോ. പക്ഷേ എൽ.ഡി.എഫ് ഇത് സമ്മതിച്ചു തരികയില്ല. ഏറ്റവും വലിയ അഴിമതി കെ.എസ്.ടി.പി ആണെന്ന് അവർ ആണയിടുന്നു. കാരണം വ്യക്തം. അഴിമതി നടത്തിയത് യു.ഡി.എഫ് നേതാക്കൻമാരും മന്ത്രിമാരും ആണല്ലോ. ഏറ്റവും വലിയ അഴിമതി ഏതായാലും ഏറ്റവും വലിയ വിഡ്ഢികൾ ജനങ്ങളാണ് എന്ന കാര്യത്തിൽ ഇരു മുന്നണികൾക്കും സംശയമേയില്ല.

കൊലപാതകക്കുറ്റം ചുമത്തി പോലീസ് ചിലരെ അറസ്റ്റ് ചെയ്തു. പോലീസ് മുറയിൽ ചോദ്യം ചെയ്തപ്പോൾ പ്രതികൾ കുറ്റം സമ്മതിച്ചു. ഇപ്പോൾ അവർ വിചാരണ നേരിടുകയുമാണ്. അതിനിടയിലാണ് ജയാനന്ദൻ എന്ന കൊലപാതക വിദഗ്ദ്ധനെ പിടികിട്ടിയത്. മേല്പടി പ്രതികൾ ചെയ്തതെന്ന് പോലീസ് പറയുന്ന കുറ്റങ്ങൾ അടക്കം ഒട്ടേറെ കൊലപാതകങ്ങൾ നടത്തിയത് താനാണെന്ന് ജയാനന്ദൻ സമ്മതിച്ചു. അപ്പോൾ ആദ്യം അറസ്റ്റ് ചെയ്ത പ്രതികളെ എന്തുചെയ്യും? അവർ കുറ്റം സമ്മതിച്ചതാണ്. കൊലക്കുറ്റത്തിന്റെ പേരിൽ ഇപ്പോഴും വിചാരണത്തടവുകാരായി ജയിലിൽ കിടക്കുകയുമാണ്. നമ്മുടെ പോലീസിന്റെ കേസ്സ് അന്വേഷണം അസ്സലാകുന്നുണ്ട് എന്നു തീർച്ച.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# ചവർ വിശേഷങ്ങൾ

## ദുരന്തങ്ങൾ ഉണ്ടാകുന്നത് വിശ്വാസികൾ പാപം ചെയ്യുന്നതിനാൽ: പുതുപ്പള്ളിയച്ചൻ

ലോകമെമ്പാടും അനുദിനം ഒട്ടേറെ ദുരന്തങ്ങൾ ഉണ്ടാകാറുണ്ട്. ആരാണ് ഈ ദുരന്തങ്ങൾ ഉണ്ടാകാൻ കാരണക്കാർ? സംശയം വേണ്ട, ദൈവമക്കൾ. ഈ മഹത്തായ കണ്ടുപിടുത്തം നടത്തിയത് സാക്ഷാൽ പുതുപ്പള്ളിയച്ചനും.

ചവറിൽ ഈയിടെയായി പുതുപ്പള്ളിയച്ചന്റെ പ്രസംഗം സംപ്രേക്ഷണം ചെയ്യുന്നുണ്ട്. കുട്ടികൾ പ്രസംഗം കാണാപ്പാഠം പഠിച്ച് പറയുന്നതുപോലെയാണ് അച്ചന്റെ പ്രസംഗം. ഇടയ്ക്കൊക്കെ കടലാസ്സിൽ നോക്കുകയും ചെയ്യും. വീട്ടിലിരുന്ന് വളരെ ആലോചിച്ച് വിഷമിച്ച് തട്ടിക്കൂട്ടിയതാണ് ഈ പ്രസംഗം എന്നു തീർച്ച. അങ്ങനെ ആലോചിച്ച് കണ്ടുപിടിച്ച മർമ്മമാണ് ദുരന്തരഹസ്യം.

ക്ഷാമം, ഭൂകമ്പം, വെള്ളപ്പൊക്കം, സുനാമി തുടങ്ങി ലോകമെമ്പാടും ഉണ്ടാകുന്ന ദുരന്തങ്ങളെല്ലാം ദൈവമക്കളുടെ പാപംമൂലം ഉണ്ടാകുന്നതാണത്രേ. ദൈവജനം മാനസാന്തരപ്പെട്ടാൽ ദൈവം ക്ഷമിക്കും. ദുരന്തത്തിന് ശമനമുണ്ടാകുകയും ചെയ്യും.

അച്ചൻ ഒരു കാര്യം ചെയ്യണം: ഇത്തരം കണ്ടുപിടുത്തങ്ങളെല്ലാം ക്രമമായി എഴുതി വെയ്ക്കണം. കുറച്ചധികം ആകുമ്പോൾ ഒരു പുസ്തകമായി പ്രസിദ്ധീകരിക്കണം. വചനപരിജ്ഞാനമുള്ള ദൈവമക്കൾക്ക് വായിച്ച് ചിരിക്കാമല്ലോ.

## ടി.വിയിലൂടെ അത്ഭുതം: തങ്കു വഹ

ടി.വിയും അത്ഭുതം പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. പറയുന്നത് ചുമ്മാ ഡോ തങ്കുവും ചുമ്മാഡോ തോമസ്കുട്ടിയും ആയതുകൊണ്ട് സത്യമായിരിക്കുമെന്ന് കരുതാം.

എങ്ങനെയാണ് ടി.വി അത്ഭുതം പ്രവർത്തിക്കുന്നത്? തങ്കുവും തോമസ്കുട്ടിയും പ്രാർത്ഥിക്കുമ്പോൾ നിരവധി അത്ഭുതങ്ങൾ നടക്കാറുണ്ട്. പുറമെ കാണാനാവാത്ത എല്ലാ രോഗങ്ങളും മാറും. പക്ഷേ എല്ലാവർക്കും ഇവരെ നേരിൽ കണ്ട് പ്രാർത്ഥിപ്പിക്കാൻ പറ്റില്ലല്ലോ. അതിനുള്ള പോംവഴി എന്ന നിലയ്ക്കാണ് അത്ഭുത പ്രവർത്തകനായ ടി.വിയുടെ മദ്ധ്യസ്ഥത തേടുന്നത്.

എങ്ങനെയാണ് ടി.വി സഹായകമാകുന്നത്? അതും പറയാം. തങ്കുവും തോമസ്കുട്ടിയും രോഗികൾക്കായി പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ടി.വിയുടെ നേരേ കൈനീട്ടി പ്രാർത്ഥനയിൽ പങ്കുകൊള്ളുക. അത്ഭുതമുണ്ടാകും നിശ്ചയം.

ടി.വിയുടെ അത്ഭുത ശക്തിയേക്കുറിച്ച് വ്യക്തമാക്കാൻ തങ്കു ഒരു സംഭവകഥയും പറഞ്ഞു. ഈയിടെ തങ്കു ചൈനയിൽ പോയത്രേ. അവിടെയുള്ള ഒരു ചൈനാക്കാരൻ തങ്കുവിന്റെ ടി.വി പ്രോഗ്രാം നിരന്തരം കാണും. സംഗതി മലയാളത്തിലായതുകൊണ്ട് ഒന്നും മനസ്സിലാകാറില്ല. എങ്കിലും ടി.വിയിൽ ഈ പ്രോഗ്രാം കണ്ടുകൊണ്ടിരിക്കുമ്പോൾ ആ മുറിയിൽ പരിശുദ്ധാത്മാവിന്റെ വ്യാപാരം ഉണ്ടാകുന്നു. അത് ചൈനക്കാരന് അനുഭവിക്കാനും കഴിയുന്നു. ടി.വിയുടെ ശക്തി എത്രത്തോളമെന്ന് ഈ സംഭവം തെളിയിക്കുന്നു.

പൊന്നു മാളോരേ, ഇങ്ങനെയൊക്കെ പറയണമെങ്കിൽ അസാമാന്യ തൊലിക്കട്ടി വേണം. ഇവർ അത്ഭുതമൊന്നും ചെയ്യുന്നില്ലെങ്കിലും ഇവരുടെ തൊലിക്കട്ടി അത്ഭുതകരം തന്നെ.

## കത്തോലിക്കാമതം പ്രചരിക്കുന്നു

സത്യ സുവിശേഷം പ്രചരിക്കുന്നില്ലെങ്കിലും ചവർ ചാനലിലൂടെ കത്തോലിക്കാമതം ശരിക്ക് പ്രചരിക്കുന്നുണ്ട്. പാട്ട്, പ്രസംഗം തുടങ്ങിയവയെല്ലാം കത്തോലിക്കാമയമാണ്. ചാനൽ തുടങ്ങിയ ദിവസം മുതൽ സംപ്രേക്ഷണം ചെയ്യുന്ന പാട്ടുകൾ കത്തോലിക്കരുടെ വകയാണ്. പള്ളിയും കുരിശുവണക്കവും വിഗ്രഹാരാധനയും എല്ലാം ഈ പാട്ടുകളിലുണ്ട്.

ഇപ്പോഴിതാ പ്രസംഗത്തിലും കത്തോലിക്കാമതം എത്തിയിരിക്കുന്നു. കത്തോലിക്കാമതം പ്രചരിപ്പിക്കുന്നതിൽ പ്രമുഖനായ ദേവസ്യ മുല്ലക്കര എല്ലാ ദിവസവും വൈകിട്ട് 10 മണി മുതൽ കത്തോലിക്കാമതം പ്രചരിപ്പിക്കുന്നു. പെന്തക്കോസ്ത് ഉപദേശത്തെ പേരെടുത്തു പറഞ്ഞ് വിമർശിക്കയും പരിശുദ്ധാത്മസ്നാനത്തേയും അന്യഭാഷയേയും പരിഹസിക്കയും ചെയ്യുന്നു. സംഗതി അസ്സലാകുന്നുണ്ട്.

## വർഗീസ് മത്തായി ബോറടിപ്പിക്കുന്നു

സത്യം സത്യമായി പറഞ്ഞാൽ വർഗീസ് മത്തായിയുടെ പരിപാടി പരമ ബോറാണ്. എന്തെങ്കിലും ഒരു വിഷയത്തേക്കുറിച്ച് കുറെ വിവരദോഷികളോട് അഭിപ്രായം ചോദിച്ചിട്ട് വർഗീസ് മത്തായി കടിച്ചുപിടിച്ച് എന്തൊക്കെയോ പറയുന്നു.

ഈ പരിപാടികൊണ്ട് ദൈവത്തിനോ പിശാചിനോ ഗുണമുണ്ടാകുന്നതായി അറിവില്ല. ഈ ഭൂലോകത്ത് ഇത്തരം ഒരു പരമ ബോറ് ചവർ ചാനലിൽ മാത്രമേ കാണൂ എന്നു തീർച്ച. ദയവായി വർഗീസ് മത്തായി പൊതുജനങ്ങളുടെ ക്ഷമ പരീക്ഷിക്കുന്ന ഈ പരിപാടി നിർത്തണം.

## കെ. സി.ജോണിന്റെ കിന്നാരം തുടരുന്നു

പ്രസംഗിച്ച് മടുത്തപ്പോൾ കെ.സി.ജോൺ ചവറിൽ ഒരു കിന്നാരപ്പരിപാടി തുടങ്ങി. കെ.സി.ജോൺ ചെത്ത് വേഷത്തിലിരുന്ന് എന്തൊക്കെയോ കിന്നാരം പറയുന്നു. പറയുന്നതെന്താണെന്ന് കെ.സി.ജോണിനോ കേൾക്കുന്നവർക്കോ പിടികിട്ടുന്നില്ലെന്നു മാത്രം.

ഈയിടെ ഒരു ദിവസം അതീവ ഗൗരവത്തിൽ ഇയാൾ കിന്നരിക്കയാണ്. സംഭവം എന്താണെന്നറിയാൻ അല്പ സമയം ശ്രദ്ധിച്ചു. ഭൂലോകത്തുള്ള വിവിധതരം പുഷ്പങ്ങളേക്കുറിച്ചാണ് പറയുന്നത്. സുവിശേഷവുമായി പുഷ്പങ്ങൾക്ക് എന്തു ബന്ധം? ഒരു ബന്ധവുമില്ല. എങ്കിലും കെ. സി.ജോണിന് പുഷ്പങ്ങളേക്കുറിച്ച് എത്രത്തോളം അറിവുണ്ടെന്ന് പൊതുജനങ്ങളെ അറിയിക്കാൻ കഴിഞ്ഞല്ലോ. അത് വലിയ കാര്യമല്ലേ. പറഞ്ഞുപറഞ്ഞ് ചെമ്പരത്തിപ്പൂവ് ചെവിയിൽ വെയ്ക്കാൻ ഇടയാകാതിരിക്കട്ടെ.

## ഓഫീസ് തുറക്കുന്നില്ലേ

ചവറിന് തിരുവല്ല സി. വി.പി. ടവറിൽ ഒരു ഓഫീസുണ്ട്. പക്ഷേ അത് മിക്ക ദിവസങ്ങളിലും തുറക്കാറില്ല എന്ന് തിരുവല്ലയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അവിടെ ഏതാനും സ്ത്രീകളാണ് ജോലി ചെയ്തിരുന്നത്. അവർ മിക്ക ദിവസങ്ങളിലും വരാറില്ല. പുരുഷൻമാർ ഉണ്ടായിരുന്നെങ്കിലും അവരെയെല്ലാം കെ.സി.ജോൺ പിരിച്ചുവിട്ടു. തുറക്കുന്നില്ലെങ്കിൽ ആ മുറിക്ക് വെറുതെ വാടക കൊടുക്കുന്നതെന്തിനാണാവോ?

## നരമാംസം ഭക്ഷിക്കുന്ന വാർത്ത ശുദ്ധ കള്ളക്കഥ

ജപ്പാനിൽ മനുഷ്യമാംസം വറുത്ത് വിൽക്കുന്നു എന്നൊരു വാർത്ത സങ്കീർത്തനം ദൈവവാരികയുടെ നവംബർ 27 ലക്കത്തിൽ കണ്ടു. ജോൺസൺ ഇടയാറൻമുള എന്ന വ്യക്തിയാണ് ഇത് എഴുതിയിരിക്കുന്നത്. ഇത് വ്യാജവാർത്തയാണ്. ഇങ്ങനെയൊരു സംഭവം ജപ്പാനിലെന്നല്ല ലോകത്തിൽ ഒരിടത്തും നടക്കുന്നില്ല.

പൊതുജനങ്ങളെ കബളിപ്പിക്കാനായി ഇങ്ങനെ വ്യാജവാർത്തകൾ പടച്ചുവിടുന്നത് തൊഴിലാക്കിയ ചിലരാണ് ഈ വ്യാജ വാർത്തയ്ക്കും പിന്നിൽ. മൂന്നു വർഷം മുൻപ് നിരവധി ആളുകൾക്ക് ഈ വാർത്ത ഈമെയിലിൽ ലഭിച്ചിരുന്നു. മനുഷ്യമാംസം തിന്നുന്ന ചിത്രം സഹിതമാണ് ഈമെയിൽ എത്തിയത്. നിരവധി പെന്തക്കോസ്ത് പത്രമാസികകൾ ഈ വാർത്ത പ്രസിദ്ധീകരിക്കയും ചെയ്തു. ഇതിനോടു സാമ്യമുള്ള വാർത്തയാണ് ഇപ്പോൾ പ്രചരിക്കുന്നത്.

സൈബീരിയായിൽ നരകം കണ്ടു, സൊമാലിയായിൽ ക്രിസ്തു പ്രത്യക്ഷപ്പെട്ടു, 666 എന്ന സംഖ്യ നെറ്റിയിലുള്ള ഒരു മനുഷ്യൻ യെരുശലേമിലുണ്ട് തുടങ്ങിയ വ്യാജ വാർത്തകൾ പരത്തുന്നതും ഇങ്ങനെയുള്ളവരാണ്. ഇതിനായി അവർക്ക് വെബ്സൈറ്റുകളുമുണ്ട്. ഈമെയിലുകളിലൂടെയും വാർത്ത പ്രചരിപ്പിക്കാറുണ്ട്. ഇത്തരം വാർത്തകൾ കിട്ടിയാലുടൻ പ്രസിദ്ധീകരിക്കുന്ന പരിപാടി പെന്തക്കോസ്ത് പത്രങ്ങൾ നിർത്തണം.

## കർത്താവ് ഇടതുപക്ഷക്കാരനോ?

കർത്താവ് ഇടതുപക്ഷക്കാരനാണോ? ആണെന്ന് ഈയിടെ ഒരു വചനപണ്ഡിതൻ കണ്ടുപിടിച്ചിരിക്കുന്നു. കർത്താവ് താമസിക്കുന്നത് ഇടത്തേക്കുള്ള വഴിയിലാണ് എന്നത്രേ കണ്ടുപിടുത്തം. ബൈബിളിൽ ഈ വിവരം രേഖപ്പെടുത്തിയിട്ടുമുണ്ട്.

എന്താ വിശ്വാസം വരുന്നില്ലേ? എങ്കിൽ യോഹ.14:4 വായിക്കുക: "ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു" എന്ന് കർത്താവ് പറയുന്നു. കർത്താവ് പോകുന്നത് ഇടത്തേക്കുള്ള വഴിയിലൂടെയാണെന്ന് കർത്താവുതന്നെ പറയുന്നതിനാൽ സംശയിക്കേണ്ടതില്ല. ഇടത്തേക്കുള്ള വഴിയേ കർത്താവ് പോകുന്നത് ഇടതുപക്ഷത്തോടുള്ള മമതമൂലമാകാനേ വഴിയുള്ളൂ. വ്യാഖ്യാനം എപ്പടി?

## പുതുപ്പള്ളിയച്ചൻ നിഴൽയുദ്ധം നടത്തുന്നു

ഈയിടെയായി പുതുപ്പള്ളിയച്ചൻ ശരപരാ എഴുത്താണ്. എല്ലാ പെന്തക്കോസ്ത് പത്ര മാസികകൾക്കും ലേഖനങ്ങൾ എഴുതി അയച്ചുകൊണ്ടിരിക്കുന്നു. ചിലരൊക്കെ ഇവ പ്രസിദ്ധീകരിക്കുന്നുമുണ്ട്. എന്താ ഈ എഴുത്തുരോഗം ഇത്ര കലശലാകാൻ കാരണം? ഉത്തരം വ്യക്തം: പുതുപ്പള്ളിയച്ചന്റെ പൂർവ്വചരിത്രം ഡിഫെൻഡർ വെളിച്ചത്തു കൊണ്ടുവന്നു. അതുമൂലമുണ്ടായ ജാള്യത മറയ്ക്കാനാണ് ഈ എഴുത്തുയജ്ഞം. പക്ഷേ ദൈവവചനത്തിൽ വലിയ പിടിപാടില്ലാത്തതിനാൽ അച്ചൻ എഴുതുന്നത് വിവരക്കേടാണെന്നു മാത്രം.

ഉദാഹരണമായി, "കൂട്ടുസഹോദരൻ നനഞ്ഞൊലിച്ച് കൂരയിൽ കഴിയുമ്പോൾ കോടികൾ മുടക്കി പണിത രമ്യഹർമ്യങ്ങളിൽ കഴിയുന്നതു വേർപാടാണോ?" എന്ന് അച്ചൻ രോഷത്തോടെ ചോദിക്കുന്നു. ഇത് വേർപാടാണെന്ന് ആരാണാവോ പറഞ്ഞത്? ആരും പറഞ്ഞില്ലെങ്കിൽ അച്ചൻ ആരോടാണ് യുദ്ധം ചെയ്യുന്നത്? വെറുതെ ആത്മരോഷം കൊണ്ട് പെന്തക്കോസ്തുകാരുടെ പ്രീതി പിടിച്ചുപറ്റാനുള്ള ശ്രമമാണോ? ആണെങ്കിൽ ആ മോഹം പൂവണിയുകയില്ല.





## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# എങ്ങനെ എളുപ്പത്തിൽ ഒരു പ്രസംഗകനാകാം?

എങ്ങനെ തിരക്കുള്ള ഒരു കൺവെൻഷൻ പ്രസംഗകനാകാം എന്നതിനേക്കുറിച്ച് ഒരു ലേഖനം ഈ ലക്കത്തിൽ എഴുതാൻ റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ പദ്ധതിയിട്ടിരുന്നു. അതിനുള്ള തലക്കെട്ടും ലേഖനത്തിന്റെ രൂപരേഖയും മനസ്സിൽ കുറിച്ചുവെയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞലക്കം ജാലകം കണ്ടപ്പോൾ അന്ധാളിച്ചുപോയി. എഴുതാൻ മനസ്സിൽ കണക്കു കൂട്ടി വെച്ചിരുന്നതെല്ലാം പ്രബോധകൻ എഴുതിയിരിക്കുന്നു. എന്റെ മനസ്സിലിരുന്നത് പ്രബോധകൻ എങ്ങനെ അറിഞ്ഞു എന്ന് അറിഞ്ഞുകൂടാ. പരഹൃദയ ജ്ഞാനമാണോ? അതോ ആത്മാവിന്റെ ഐക്യമോ? എന്തുതന്നെ ആയാലും സംഗതി ഒന്നാംതരമായി. അതുകൊണ്ട് ഞാൻ എഴുതാൻ ഉദ്ദേശിച്ചിരുന്ന ആ ലേഖനം ഇനി എഴുതുന്നില്ല. എഴുതിയാലും അത് പ്രബോധകന്റെ ലേഖനത്തിന്റെ തനിയാവർത്തനമാകും. പക്ഷേ ഇത്തരം ഒരു ലേഖനം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചേ പറ്റൂ. ആകയാൽ പ്രബോധകൻ എഴുതിയ ലേഖനം അതേപടി പ്രസിദ്ധീകരിക്കയാണ്.

ഡ്രൈവിംഗ്, ഇംഗ്ലീഷ്, കമ്പ്യൂട്ടർ തുടങ്ങി നീന്തൽ വരെ തപാലിൽ പഠിക്കുന്നതിനു ഇന്നു സംവിധാനമുണ്ട്. എന്നാൽ ഇതൊക്കെ പ്രായോഗിക രംഗത്ത് വേണ്ടത്ര വിജയിക്കുന്നു എന്നു പറയാനാവില്ല. എന്നാൽ ഒരു കൺവെൻഷൻ പ്രസംഗകനാവുക എന്നത് അത്രകണ്ട് പ്രയാസമൊന്നുമുള്ള കാര്യമല്ല. വിദ്യാഭ്യാസമോ പുസ്തക വായനയോ വിശുദ്ധ ജീവിതമോ പ്രാർത്ഥനയോ ഒന്നും ഒരു പ്രസംഗകനാകാൻ അത്യാവശ്യ കാര്യങ്ങളല്ല. ദൈവശാസ്ത്ര പഠനം എന്നത് വെറുതെ സമയം പാഴാക്കലാണ്. എന്നാൽ വിദ്യാഭ്യാസമില്ലെങ്കിലും ഇല്ല എന്നു സമ്മതിക്കരുതെന്നു മാത്രം. കൂടാതെ നന്നായി വായിക്കുന്നയാളാണ് ഞാൻ എന്നു തോന്നാൻ ഷേക്സ്പിയറിന്റെ ശാകുന്തളം, കാളിദാസന്റെ ഒഥല്ലോ എന്നൊക്കെ പറഞ്ഞാൽ മതി. ഒന്നു പ്രാർത്ഥിക്കാൻ പറ്റിയില്ലെങ്കിലും തലേന്നു മുഴുവൻ കണ്ണീരുകൊണ്ട് കിടക്കയെ നനച്ചെന്നും പറയാൻ മറക്കേണ്ടതില്ല. സ്റ്റേജിൽ നിൽക്കുന്ന സമയം താൻ വിശുദ്ധനല്ലെന്നു ആർക്കു പറയാനാവും? പ്രസംഗം തുടങ്ങും മുമ്പ് ഒരു അടിപൊളി പ്രാർത്ഥന വേണം. അന്ധകാര ശക്തികളെ, വിമർശനത്തിന്റെ ആത്മാവിനെ, അവിശ്വാസത്തെ ഒന്നു അമർത്തി ശാസിക്കുകയും ഭത്സിക്കുകയും വേണം. വായിൽ കൃത്രിമ പല്ല് ഘടിപ്പിച്ചവരാണെങ്കിൽ ഭത്സിക്കാതിരിക്കുന്നതാവും ഭംഗി. ശാസന മാത്രം മതിയാകും. പിന്നെ ഒരു മിനിറ്റ് ഒന്ന് രണ്ടു വെയിറ്റൻ അന്യഭാഷകൾ പറയുന്നതും ഒരു കൊഴുപ്പാണ്. പ്രസംഗത്തിന്റെ തുടക്കം മുതൽ സ്തുതിപ്പിക്കാൻ മറക്കരുത്. കാരണം പ്രസംഗം കൊണ്ട് വലിയ പ്രയോജനമുണ്ടായില്ലെങ്കിലും കേൾവിക്കാർക്കു നല്ലൊരു വ്യായാമം കിട്ടും. കൊളസ്ട്രോളുകാർക്കാണ് ഇത് ഏറെ ഗുണം ചെയ്ക. ഇഷ്ടമുള്ള ഒരു വാക്യം വായിച്ചു കഴിഞ്ഞാൽ ഉടൻ മൈക്രോഫോൺ സ്റ്റാൻഡിൽ നിന്നുമെടുത്ത് ശുശ്രൂഷ തുടങ്ങാം. ചോദ്യോത്തര ശൈലിയിലുള്ള പ്രസംഗവും നല്ലതാണ്. ''ദാവീദ് മല്ലനെ എറിയാൻ സഞ്ചിയിൽ നിന്നും ഒരു കല്ലെടുത്തു. അപ്പോൾ ബാക്കിയുള്ള കല്ലുകൾ എന്തു ചെയ്യുകയായിരുന്നു''? അവ പ്രാർത്ഥിക്കുകയായിരുന്നു. ഉത്തരം നമ്മൾ തന്നെ പറയണം. കാരണം വെറിയൻമാരായ പിള്ളേര് എന്തെങ്കിലും ആകാത്ത മറുപടി പറഞ്ഞാലോ. അലിഗറി ഉപയോഗിക്കുന്നതാണ് പ്രസംഗത്തിനു ഒരു ചിമിട്ട്. അലിഗറി എന്നുവച്ചാൽ ബാലഗോപാലനെ എണ്ണതേപ്പിക്കുമ്പോൾ എന്ന കവിതാ ശകലം എടുക്കാം (ഉദാഹരണം എവിടുന്നാണെടുക്കാൻ പാടില്ലാത്തത്) ബാലഗോപാലൻ എന്നു പറഞ്ഞാൽ പശുക്കളെ നോക്കുന്നയാൾ. എന്നു വച്ചാൽ ഇടയൻ. എണ്ണ ആത്മാവ്. അപ്പോൾ ഈ പാട്ടിനു 23-ാം സങ്കീർത്തനവുമായി ബന്ധിപ്പിക്കാനാവും. ഇങ്ങനെ നോക്കിയാൽ പല സിനിമാ ഗാനങ്ങളും ആത്മീക ഗാനങ്ങളാണെന്നുവരും. ലജ്ജാവതി, സരസ സുന്ദരീ...... തുടങ്ങിയ ഗാനങ്ങളിലും ആത്മീയം കണ്ടെത്താനാവും. സുന്ദരൻ ഞാനും സുന്ദരി നീയും എന്ന ഗാനം സഭയും കാന്തനും തമ്മിലുള്ള സംഭാഷണമായി വേണമെങ്കിൽ വ്യാഖ്യാനിക്കാം. ഇതാണ് അലിഗറി. വെറുതെ അഞ്ചാറു വർഷം സെമിനാരികളിൽ കളഞ്ഞവർക്ക് ഇതു വല്ലതുമറിയാമോ?

ഇത്രയുമായിട്ടും സംഗതി കത്തുന്നില്ലെന്നു കണ്ടാൽ വിടുതൽ ശുശ്രൂഷയിലേക്കു കടക്കാം. കാലിൽ ആന്ത്രാക്സ് ബാധിച്ച ഒരാൾ ഇവിടെയുണ്ട്. ഇപ്പോൾ വിടുതൽ. വയറിൽ ചിക്കുൻ ഗുനിയ ബാധിച്ച ഒരാൾ പരിസരത്തെവിടെയോ ഉണ്ട്. സമർപ്പിച്ചാൽ വിടുതൽ. മുഴമാറട്ടെ, തലമാറട്ടെ, പട്ടിണിമാറട്ടെ തുടങ്ങിയ നമ്പറുകളും വീശാം. ഒന്നുമൊക്കില്ലെന്നു കണ്ടാൽ ഞാൻ ടെക്സാസിൽ ആയിരുന്നപ്പോൾ ഒരു ശവത്തെ ഉയിർപ്പിച്ചു. കാശ്മീരിലായിരുന്നപ്പോൾ എയ്ഡ്സുകാരനെ സൗഖ്യമാക്കി എന്നൊക്കെ തട്ടാം. ഇങ്ങനെ പറയുന്നതുകൊണ്ട് ദൈവനാമത്തിനു മഹത്വമുണ്ടാകുമെങ്കിൽ പിന്നെ നമ്മളെന്തിനു മടിക്കണം? ഇങ്ങനെ തിമിർത്തു നിൽക്കുന്നതിനിടക്കു ശാസിക്കാനും സ്തുതിപ്പിക്കാനും മറക്കരുത്. ഇത്രയുമൊക്കെ ആയാൽ ആ പ്രസംഗം വിജയിക്കും. വീണ്ടും പ്രോഗ്രാം കിട്ടും.

എന്തെളുപ്പമാണ് ഒരു പ്രസംഗകനാകാൻ. ഇക്കാരണത്താൽ തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ മുമ്പിൽ അലയേണ്ട. എത്രയോ പേർക്ക് ജീവന്റെ മാർഗ്ഗമുണ്ടായി. കർത്താവ് കാൽവറിയിൽ മരിച്ചതു നമ്മുടെയൊക്കെ ഭാഗ്യം! പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ ഇല്ലാതെ, കപിൽദേവിനൊപ്പം ക്രിക്കറ്റു കളിച്ചവനെന്നോ കളികണ്ടിട്ടുപോലുമില്ലാത്തവനോ എന്നു നോക്കാതെ, എഞ്ചിനീയറിംഗിനു പഠിച്ചവനെന്നോ ഇഞ്ചിനീരുകുടിച്ചവനെന്നോ വ്യാത്യാസമില്ലാതെ നമ്മളെല്ലാം പ്രസംഗകരായി വീര്യ പ്രവർത്തകരായി. സന്ധ്യയായി ഉഷസുമായി അടുത്ത കൺവൻഷൻ സീസണായി! അത്ഭുതമായി അടയാളമായി നമുക്കങ്ങ് അടിച്ചു പൊളിക്കാം.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** അമേരിക്കയിലുള്ള ഒരു സഭയിൽ സ്ത്രീ ബിഷപ്പായെന്ന് അറിയാൻ കഴിഞ്ഞു. ഇതേപ്പറ്റി ഡിഫെൻഡർ എന്തു പറയുന്നു?

■ ബിഷപ്പ് എന്ന വാക്കിനേക്കുറിച്ച് ഒട്ടേറെ തെറ്റിദ്ധാരണകൾ നിലവിലുണ്ട്. അതുകൊണ്ട് ആ വിഷയത്തേക്കുറിച്ച് ആദ്യമായി വിശദീകരിക്കട്ടെ.

1തിമൊ. 3:1, തീത്തോ. 1:7, 1പത്രോ. 2:25 എന്നീ വാക്യങ്ങളിലാണ് ബിഷപ്പ് എന്ന വാക്ക് ഇംഗ്ലീഷ് ബൈബിളിൽ (കെ.ജെ.വി) ഉപയോഗിച്ചിരിക്കുന്നത്. ഈ മൂന്നു സ്ഥലങ്ങളിലും എപ്പിസ്ക്കോപ്പോസ് എന്ന ഗ്രീക്ക് വാക്കാണ് ബിഷപ്പ് എന്ന് തർജ്ജമ ചെയ്തിരിക്കുന്നത്. കങ്കാണി, ഇടയൻ, അദ്ധ്യക്ഷൻ, മേൽനോട്ടക്കാരൻ എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം.

ഒന്നാം നൂറ്റാണ്ടിൽ പ്രാദേശിക സഭ സ്വതന്ത്രമായിരുന്നു. കൊരിന്തിലെ സഭ, റോമിലെ സഭ, യെരൂശലേമിലെ സഭ തുടങ്ങിയവയെല്ലാം തമ്മിൽ ആത്മീയ ബന്ധം മാത്രമാണ് ഉണ്ടായിരുന്നത്. ഈ പ്രാദേശിക സഭകളെല്ലാം ചേർത്ത് സംഘടന ഉണ്ടാക്കുന്ന പരിപാടി ഇല്ലായിരുന്നു എന്ന് ചുരുക്കം.

എല്ലാ സഭകളിലും നിരവധി ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരുന്നു. അവരുടെ അദ്ധ്യക്ഷനായിരുന്നു പാസ്റ്റർ അഥവാ ബിഷപ്പ്. ഇന്നുള്ളതുപോലെ നിരവധി പ്രാദേശിക സഭകളുടെ തലവനായിരുന്നില്ല ബിഷപ്പ് എന്നു ചുരുക്കം. അക്കാലത്ത് ഒരു പട്ടണത്തിൽ ഒരു സഭയാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് ഓരോ പട്ടണത്തിലും ഓരോ ബിഷപ്പാണ് ഉണ്ടായിരുന്നതെന്ന് വ്യക്തം. ബിഷപ്പിന് മെട്രോപോലിറ്റൻ എന്നു പേര് ലഭിച്ചതും ഇങ്ങനെതന്നെ.

കാലക്രമത്തിൽ സഭകൾ വളർന്നു. പട്ടണത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നും ആരാധനയ്ക്ക് വന്നിരുന്നവർ തങ്ങളുടെ പ്രദേശത്ത് ചെറിയ കൂടിവരവുകൾ ആരംഭിച്ചു. എങ്കിലും അവർ മാതൃസഭയുമായുള്ള ബന്ധം വിട്ടുകളഞ്ഞതുമില്ല. മാതൃസഭയിലെ പാസ്റ്ററുടെ നിർദ്ദേശമനുസരിച്ചായിരുന്നു ഇവർ പ്രധാന തീരുമാനങ്ങളെല്ലാം എടുത്തിരുന്നത്. നൂറ്റാണ്ടുകൾ പലത് കഴിഞ്ഞപ്പോൾ പ്രധാന പട്ടണങ്ങളിലെ സഭകളുടെ തലവൻ ചുറ്റുമുള്ള സഭകളുടേയും തലവനാണെന്നു വന്നു. അങ്ങനെയാണ് ഇന്നത്തെ ബിഷപ്പുമാർ ഉണ്ടായത്.

യെരൂശലേം, അന്ത്യോക്യ, റോം, അലക്സാന്ദ്രിയ, കോൺസ്റ്റാന്റിനോപ്പിൾ എന്നീ വലിയ പട്ടണങ്ങളിൽ വലിയ സഭകൾ ഉണ്ടായിരുന്നു. അതുകൊണ്ട് ഈ വലിയ സഭകളുടെ പാസ്റ്റർമാക്ക് വലിയ അധികാരങ്ങളും ലഭിച്ചു. കാലക്രമത്തിൽ ഇവർ ആകമാന സഭയുടെ പ്രധാന നേതാക്കൻമാർ ആണെന്നു വന്നു. അങ്ങനെയാണ് ഇവർ പാത്രിയാർക്കീസുമാർ ആയത്.

എല്ലാ റോഡും റോമിലേക്ക് എന്ന് കരുതപ്പെട്ടിരുന്ന കാലമായിരുന്നല്ലോ അത്. അതുകൊണ്ട് റോമിലെ ബിഷപ്പ് മറ്റുള്ളവരേക്കാൾ ശ്രേഷ്ഠനാണെന്ന് ജനം കരുതി. റോമിനു ചുറ്റുമുള്ള സഭകളിലെ പാസ്റ്റർമാർ ചേർന്നാണ് റോമിലെ സഭയുടെ പാസ്റ്ററെ തെരഞ്ഞെടുത്തിരുന്നത്. ഇന്നും ഇതു തുടരുന്നു. റോമിലെ സഭയുടെ പാസ്റ്ററെ പിൽക്കാലത്ത് ആകമാന സഭയുടെ തലവനായി കണക്കാക്കാൻ തുടങ്ങി. അങ്ങനെയാണ് പോപ്പ് (പിതാക്കൻമാരുടെ പിതാവ്) ഉണ്ടായത്. ഇന്ന് റോമിനു ചുറ്റുമുള്ള സഭകളുടെ പാസ്റ്റർമാരെ കർദ്ദിനാൾ എന്നു വിളിക്കുന്നു. ലോകമെമ്പാടുമുള്ള കർദ്ദിനാളൻമാർക്ക് റോമിനു സമീപമുള്ള ഏതെങ്കിലും ഒരു പള്ളിയിലെ പുരോഹിത പദവി കൊടുക്കുന്നത് ഈ കാരണത്താലത്രേ. ഇങ്ങനെ, ഇന്നത്തെ ബിഷപ്പും പാത്രിയാർക്കീസും പോപ്പും ഒക്കെ ഉണ്ടായി. ദൈവ വചനത്തിലുള്ള ബിഷപ്പും പട്ടത്വ സഭകളിലെ ബിഷപ്പും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധം മാത്രമേയുള്ളൂ.

ആദിമ സഭയിൽ ശുശ്രൂഷക്കാരത്തികൾ ഉണ്ടായിരുന്നു. ഫേബ തന്നെ നല്ല ഉദാഹരണം. സഭാശുശ്രൂഷ എന്നു പറഞ്ഞാൽ പാസ്റ്റർ ഉദ്യോഗം എന്ന് നാം ധരിച്ചുവെച്ചിരിക്കയാണ്. പക്ഷേ അങ്ങനെയൊരു അർത്ഥം ആ വാക്കിനില്ല. ദൈവമക്കൾക്കായി ഭക്ഷണം വെച്ചു വിളമ്പുന്നതു പോലും ശുശ്രൂഷയാണ്.

സ്ത്രീകൾക്ക് ഏതൊക്കെ ശുശ്രൂഷ ചെയ്യാം? സ്ത്രീകൾ അപ്പൊസ്തോലിക ശുശ്രൂഷ ചെയ്തതായി ദൈവവചനത്തിൽ കാണുന്നില്ല. എന്നാൽ സ്ത്രീകൾക്ക് പ്രവാചക ശുശ്രൂഷ ചെയ്യാം. സുവിശേഷകനായ ഫിലിപ്പോസിന്റെ പെൺമക്കൾ പ്രവചിച്ചിരുന്നു. ശിരോവസ്ത്രം ധരിച്ചുകൊണ്ട് സ്ത്രീകൾക്ക് സഭയിലും പ്രവചിക്കാം.

നിരവധി സ്ത്രീകൾ സുവിശേഷകരായി ശുശ്രൂഷ ചെയ്തിരുന്നു എന്ന് തിരുവചനം പറയുന്നു. അതുകൊണ്ട് സ്ത്രീകൾക്ക് സുവിശേഷകരായി ശുശ്രൂഷ ചെയ്യാം.

സ്ത്രീകൾ ഇടയശുശ്രൂഷ ചെയ്തിട്ടുള്ളതായി ബൈബിളിൽ കാണുന്നില്ല. ഏക ഭാര്യയുടെ ഭർത്താവായിരിക്കാൻ സ്ത്രീക്ക് കഴിയുകയുമില്ലല്ലോ. അതുകൊണ്ട് അദ്ധ്യക്ഷസ്ഥാനം വഹിക്കാൻ സ്ത്രീകളെ തിരുവചനം അനുവദിക്കുന്നില്ല.

ഉപദേഷ്ടാവ് അഥവാ അദ്ധ്യാപകന്റെ ശുശ്രൂഷ സ്ത്രീകൾക്കും ചെയ്യാം. പക്ഷേ പുരുഷനെ പഠിപ്പിക്കാനുള്ള അധികാരം സ്ത്രീകൾക്കില്ല. സ്ത്രീകളേയും കുട്ടികളേയും സ്ത്രീകൾക്ക് പഠിപ്പിക്കാം. ഇങ്ങനെയൊക്കെയാണ് ദൈവവചനത്തിൽ കാണുന്നത്.

സ്ത്രീകളെ ബിഷപ്പാക്കുന്നതിനേക്കുറിച്ച് ഇനി വിശേഷിച്ച് പറയേണ്ടതുണ്ടോ? പട്ടത്വ സഭകളിലെ പുരോഹിതനും ബിഷപ്പും മറ്റും ദൈവ വചനാനുസൃതമുള്ളതല്ല. അതുകൊണ്ട് സ്ത്രീകളെ ബിഷപ്പാക്കാമോ, പുരോഹിതയാക്കാമോ എന്നൊക്കെ ചോദിക്കുന്നതിൽ അർത്ഥമില്ല. പ്രാദേശിക സഭകൾ സ്വതന്ത്രമാണ്. അങ്ങനെതന്നെ ആയിരിക്കണം. പക്ഷേ തിരുവചന വിരുദ്ധമായി സംഘടനയുണ്ടാക്കിയശേഷം ആ സംഘടനയുടെ കീഴിലുള്ള കുറെ പള്ളികളെ ഭരിക്കാൻ ബിഷപ്പിനെ നിയമിക്കുന്നതിന് ബൈബിളിൽ ആധാരം തേടുന്നതെന്തിന്? പ്രാദേശിക സഭകളെ ഭരിക്കാനായി രൂപത ഉണ്ടാക്കിയതുതന്നെ തെറ്റ്. രൂപതയുടെ തലവനായി പുരുഷനേയോ സ്ത്രീയേയോ സാക്ഷാൽ ചെകുത്താനേയോ ആക്കാവുന്നതാണ്. കാരണം, ഇതൊക്കെ വചനവിരുദ്ധമാണ്.

അപ്പോൾ അസംബ്ലീസ് ഓഫ് ഗോഡിൽ സ്ത്രീകളെ പാസ്റ്റർമാർ ആക്കുന്നതോ? തികച്ചും വചനവിരുദ്ധം തന്നെ. സംശയം വേണ്ട. സ്വതന്ത്രമായിരിക്കേണ്ട പ്രാദേശിക സഭകളെ കൂട്ടിയിണക്കി അസംബ്ലീസ് ഓഫ് ഗോഡ് ഉണ്ടാക്കിയതും വചനവിരുദ്ധമാണ്. ഐ.പി.സിയും ശാരോനും ചർച്ച് ഓഫ് ഗോഡും വചനവിരുദ്ധം തന്നെ. ഇങ്ങനെ വചനവിരുദ്ധമായി സംഘടനകൾ ഉണ്ടാക്കിയിട്ട് അതിന്റെ നേതൃസ്ഥാനത്ത് സ്ത്രീകളെ വെയ്ക്കുന്നത് ശരിയോ എന്ന് പരിശോധിക്കുന്നതിൽ അർത്ഥമില്ല. വചനവിരുദ്ധമായ ഈ സംഘടനകളെല്ലാം പിരിച്ചുവിടുകയാണ് ആദ്യം ചെയ്യേണ്ടത്.

സ്ത്രീകൾക്ക് പ്രാവാചകർ, സുവിശേഷകർ, അദ്ധ്യാപകർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നതിനുള്ള അനുവാദം തിരുവചനത്തിലുണ്ട്. ഈ ശുശ്രൂഷകർക്കായി വിളിക്കപ്പെട്ട സ്ത്രീകളെ പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്ന് കൈവെച്ച് വേലയ്ക്കായി വേർതിരിക്കണം. പ്രാദേശിക സഭകളിൽ ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും അവരുടെ അദ്ധ്യക്ഷനായി ബിഷപ്പും ഉണ്ടായിരിക്കണം. ഇതാണ് ദൈവവചനം പറയുന്നത്.

# റ്റി.എ. തമ്പി കവിയായി

അങ്ങനെ റ്റി.എ.തമ്പി കവിയായി. സ്വർഗ്ഗീയധ്വനിയിലാണ് തമ്പിയുടെ ഭാവന ചിറകു വിടർത്തിയിരിക്കുന്നത്. ''പുഷ്പിക്കാത്ത മൊട്ടുകൾ'' എന്നാണ് കവിതയുടെ പേര്.

പുഷ്പിക്കാത്ത ചെടിയും വൃക്ഷവും ഒക്കെ ഉണ്ടാകാം. വിടരുന്നതോ വിടരാത്തതോ ആയ മൊട്ടുകളും ഉണ്ടാകാം. പക്ഷേ പുഷ്പിക്കാത്ത മൊട്ടിനേക്കുറിച്ച് ആദ്യമായാണ് കേൾക്കുന്നത്. ഇത്തരം ഒരു മൊട്ട് ഈ ദുനിയാവിൽ എവിടെയാണുള്ളതെന്ന് തമ്പി പറയുന്നുമില്ല.

തമ്പിയുടെ കവിതയ്ക്ക് വിശേഷിച്ച് ഒരു വൃത്തമില്ല. സംഗതി ആധുനിക കവിത ആണെന്നു തോന്നുന്നു.

ഓമനിക്കുന്ന ഓർമ്മകളുമായി നീ
ഓടുന്ന വീഥിയിൽ ശരം കണക്കെ
ഓട്ടത്തിന് അന്ത്യം കുറിച്ചുകൊണ്ട്
ഓടി അടുക്കുന്നു മൃത്യു നിൻ മുമ്പിൽ

ഇതാണ് ആദ്യത്തെ നാലുവരി. ഇത് കവിതയോ പദ്യമോ നല്ല ഗദ്യമോ പോലുമല്ല. തമ്മിൽ ബന്ധമില്ലാത്ത കുറെ വാക്കുകൾ തിരുകിക്കയറ്റി വെച്ചിരിക്കുന്നു. ഓമനിക്കുന്ന ഓർമ്മകൾക്ക് ഓട്ടവുമായി എന്തു ബന്ധം? മൃത്യു ഓടി അടുക്കുകയാണോ?

നിണം വാർന്നു നിരത്തിൽ
നിസ്സഹായകനായി നീ കിടക്കുമ്പോൾ
നിൻ സഹോദരനെന്നു പാടിയവർ പോലും
നിന്നെ കാണാതെ മനം തഴമ്പിച്ചു കടന്നു പോകുന്നു

''നിസ്സഹായകൻ'' എന്ന വാക്ക് ഏതു ഡിക്ഷണിയിൽ നിന്ന് കിട്ടിയെന്ന് അറിഞ്ഞുകൂടാ. മനം തഴമ്പിക്കുക എന്ന വാക്കിന്റെ അർത്ഥവും തമ്പിക്ക് അറിഞ്ഞുകൂടെന്നു വ്യക്തം.

യാത്രയുടെ അവസാനം
ഇത്ര ക്ഷണീകമെന്ന് അറിഞ്ഞുവോ
മിത്രങ്ങൾ ആയവരെല്ലാം നിന്നെ
ഇത്ര ക്ഷണത്തിൽ വിട്ടകലുമെന്ന്.

''അപ്രതീക്ഷിതം'' എന്നാണ് ''ക്ഷണീകം'' എന്ന വാക്കിന്റെ അർത്ഥം എന്ന് കരുതിയാകാം തമ്പി യാത്രയുടെ അവസാനം ക്ഷണീകമെന്ന് പറഞ്ഞിരിക്കുന്നത്. പക്ഷേ തുടന്നുള്ള വരികളിൽ ഈ അർത്ഥമല്ല ക്ഷണീകത്തിനുള്ളത്.

നിണം ഒഴുകും രാജവീഥിയിൽ
ഗണം അറ്റ ജീവിതം കൊഴിയുമ്പോൾ
ഗുണവാൻമാർ ആയവർ പോലും
ദുർഗുണനാകുന്നു ഈയുലകിൽ

തലയിലൂടെ സൂപ്പർ ഫാസ്റ്റ് കയറിയാകാം രാജവീഥിയിൽ നിണം ഒഴുകിയത്. ''ഗണം അറ്റ ജീവിതം'' എന്ന പ്രയോഗത്തിന്റെ പൊരുൾ എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. ഗുണവാൻമാർ എന്നത് ബഹുവചനമാണ്. പക്ഷേ അവരെല്ലാം ചേർന്ന് ഏക ദുർഗ്ഗുണനായി.

മരണം വന്നു വിളിക്കുമ്പോൾ
മടികൂടാതെ പോകേണം
മനസ്സിൽ കരുതിയതെല്ലാം
മടി ഇല്ലാതെ മറക്കണം

മനസ്സിൽ കരുതിയതെല്ലാം മറന്നാലേ മരിക്കാൻ പറ്റൂ എന്നു തോന്നും ഈ ഭാഗം വായിക്കുമ്പോൾ.

കൂട്ടുകാർ വരില്ലകൂടെ
നാട്ടുകാരും ഓടിയൊളിക്കും
വീട്ടുകാർ മാറിക്കളയും
വിട്ടു നീ പോകണം സകലതും

മരണസമയത്ത് വീട്ടുകാരും കൂട്ടുകാരും നാട്ടുകാരും ഒക്കെ എന്തിനാണ് ഓടിയകലുന്നതെന്ന് മനസ്സിലായില്ല. കൂടെ മരിക്കാൻ അവർ വരില്ല എന്നതു ശരിതന്നെ. പക്ഷേ അവർ ഓടി ഒളിക്കും എന്നു പറയുന്നത് എത്രത്തോളം ശരിയാണ്?

നീതിമാനായ ദൈവം
നീതി നടപ്പാക്കുന്ന വേളയിൽ
നീതിയോടെ നില്ക്കുവാൻ
നിൻകരം ബലപ്പെട്ടിരിക്കണം

യജമാനൻ കണക്കു ചോദിക്കുമ്പോൾ കരം ബലപ്പെട്ടിരിക്കണം. പക്ഷേ ദൈവം നീതി നടപ്പാക്കുമ്പോൾ കരം ബലപ്പെട്ടതുകൊണ്ട് ഗുണമൊന്നും വരാനില്ല. മാത്രമല്ല, അവിടെ നീതിയോടെ നില്ക്കുക എന്നൊരു പരിപാടിയുമില്ല.

തമ്പിയോട് ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: സഭയിലും ബൈബിൾ സ്ക്കൂളിലും ഒക്കെ വിളമ്പുന്ന വിജ്ഞാനം കൊണ്ട് കവിത എഴുതാൻ പറ്റില്ല. കവിത എഴുതണമെങ്കിൽ മലയാളഭാഷയെങ്കിലും പഠിക്കണം. ഗദ്യവും പദ്യവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കണം. കവിത എന്നാൽ എന്തെന്നും അറിയണം. എല്ലാറ്റിലും ഉപരിയായി ജൻമവാസനയും വേണം. ഇതൊന്നുമില്ലാത്ത തമ്പി കവിതയെഴുതി മലയാളഭാഷയെ കൊല്ലാക്കൊല ചെയ്യരുത്, പ്ലീസ്.

## വ്യാജൻമാർക്കെതിരെ പ്രതികരിക്കണം

പാലക്കാട്ടെ വ്യാജ ഡോക്ടറേക്കുറിച്ച് ഹാലേലൂയ്യാ എഴുതിയതിൽ സന്തോഷം. ഇങ്ങനെ ദൈവമക്കൾക്ക് ഗുണമുള്ള കാര്യങ്ങൾ എല്ലാ പെന്തക്കോസ്ത് പത്രങ്ങളും ചെയ്താൽ പെന്തക്കോസ്ത് നന്നാകും. എന്തു തോന്ന്യാസം കാണിച്ചാലും ആരും ചോദിക്കയില്ല എന്ന ധാരണയിലാണ് ആത്മീയ ലോകത്ത് വ്യാജൻമാർ വിലസുന്നത്. ഇത്തരക്കാർ ഉണ്ടാക്കുന്ന ദോഷം ചില്ലറയല്ല. സഭാനേതാക്കൻമാർ ഇത്തരക്കാർക്കെതിരെ ചെറുവിരൽ പോലും അനക്കുകയില്ല. പെന്തക്കോസ്ത് പത്രങ്ങളും മിണ്ടാറില്ല. ഇപ്പോൾ ഹാലേലൂയ്യാ ഇത്തരക്കാർക്കെതിരെ എഴുതാൻ തീരുമാനിച്ചതിൽ സന്തോഷം.

## ഫാ. ബർക്ക്മാൻസ് കള്ളപ്രവാചകൻ

പാട്ടുപാടി ജനത്തെ പാട്ടിലാക്കുന്ന ഫാ.ബർക്ക്മാൻസ് കള്ളപ്രവാചകനാണ്. ദൈവമക്കൾ സൂക്ഷിക്കുക.

ഇന്ത്യയിൽ 2007ൽ ഉണർവ്വ് ആരംഭിക്കുമെന്നാണ് ഇയാൾ പ്രവചിക്കുന്നത്. ഏഴു വർഷത്തെ ക്ഷാമത്തിനുശേഷം 2007ൽ ഉണർവ്വ് ആരംഭിക്കുമത്രേ. 2000 ആണ്ടു മുതൽ ക്ഷാമമായിരുന്നോ? എന്തു ക്ഷാമം? അക്ഷരാർത്ഥത്തിലുള്ള ക്ഷാമമാണോ? ആണെങ്കിൽ അങ്ങനെയൊന്ന് ഇല്ലായിരുന്നു. ആത്മീയ ക്ഷാമത്തിന്റെ കാര്യമാണെങ്കിൽ കഴിഞ്ഞ ആറു വർഷമായി വിശേഷിച്ച് ഒരു ആത്മീയ ക്ഷാമവും ഇല്ലായിരുന്നു. എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കാനാണ് ഇയാളുടെ ശ്രമം. ഭോഷ്ക്കിന്റെ ആത്മാവാണ് ഇതിന്റെ പിന്നിൽ.

ഫറവോൻ കണ്ട സ്വപ്നത്തിന്റെ മറപിടിച്ചാണ് ഈ വ്യാഖ്യാനമെന്ന് തോന്നുന്നു. അവിടെ ഏഴു വർഷത്തെ സമൃദ്ധിക്കു ശേഷമാണ് ക്ഷാമം ഉണ്ടായത്. മാത്രമല്ല, അത് ഒരു ഒറ്റപ്പെട്ട സംഭവം മാത്രമാണ്. ഏഴു വർഷം സമൃദ്ധി ഉണ്ടായാൽ തീർച്ചയായും ക്ഷാമം ഉണ്ടാകണമെന്നോ ഏഴു വർഷം ക്ഷാമം ഉണ്ടായാൽ സമൃദ്ധി ഉണ്ടായിക്കൊള്ളണമെന്നോ നിയമമില്ല. അങ്ങനെ ദൈവവചനം ഒരിടത്തും പറയുന്നില്ല.

ഇയാൾ കത്തോലിക്കാ സഭയിലെ അച്ചനായിരുന്നത്രേ. ഇപ്പോഴും ളോഹയിട്ട് അച്ചനായി നടക്കുന്നു. ഇയാൾ സന്യാസിയുമാണത്രേ. ദൈവസഭയിൽ സന്യാസിമാരില്ല. അതുകൊണ്ട് ഇയാൾ ദൈവസഭയിലെ അംഗമല്ലെന്നു തീർച്ച. കത്തോലിക്കാസഭയിലെ ദുരുപദേശങ്ങളെയൊന്നും ഇയാൾ തള്ളിപ്പറയുന്നുമില്ല. എന്നിട്ടും വിവരംകെട്ട പെന്തക്കോസ്തുകാർ ഈ കള്ളനെ എഴുന്നെള്ളിച്ചുകൊണ്ടു നടക്കുന്നു.

## ഭീഷണിയുമായി ചെത്തുകാർ രംഗത്ത്

നെടുമ്പ്രം ഐ.പി.സിയിലെ അസിസ്റ്റന്റ് പാസ്റ്ററായ ഷാജി, അമ്പിളിയെന്ന സ്ത്രീയോടൊപ്പം ചുറ്റിക്കറങ്ങുന്ന വാർത്ത ഡിഫെൻഡിൽ വന്നതു മുതൽ ഡിഫെൻഡറിന്റെ എഡിറ്റർക്ക് ഫോണിലൂടെ പല വിധത്തിലുള്ള ഭീഷണി ലഭിച്ചുകൊണ്ടിരിക്കയാണ്. കൊല്ലുമെന്നും ശവപ്പെട്ടിയിലാക്കുമെന്നും ഇവർ അടുത്ത കാലത്ത് ആരേയോ ശവപ്പെട്ടിയിൽ ആക്കിക്കഴിഞ്ഞെന്നും മറ്റുമാണ് പ്രധാനമായി പറയുന്നത്. 08155285830 എന്ന ബാംഗ്ലൂർ നമ്പറിൽ നിന്നും ഏതാനും ദിവസം മുൻപ് ഇത്തരം ഭീഷണിയുണ്ടായി.

അമ്പിളിയേക്കുറിച്ചും അമ്പിളിയുടെ ദൈവമായ ഷാജി പാസ്റ്ററേക്കുറിച്ചും എഴുതിയാൽ ചില പ്രധാന അവയവങ്ങൾ ചെത്തിക്കളയും എന്നാണ് അവർ പറയുന്നത്. ഇതിൽ നിന്നും ചെത്ത് തൊഴിലാക്കിയ ചിലരാണ് ഇങ്ങനെ ഫോൺ വിളിക്കുന്നതെന്ന് ഊഹിക്കാൻ കഴിഞ്ഞു. തെങ്ങും പനയും മറ്റും ചെത്തി മുൻപരിചയമുള്ളവർക്ക് കാണുന്നതെല്ലാം ചെത്താൻ തോന്നിപ്പോകും.

# കെ.കെ.കുര്യനെ കണ്ടവരുണ്ടോ?

കെ.കെ.കുര്യൻ എന്നൊരു പാസ്റ്ററെ കണ്ടവരുണ്ടോ? ഇയാളേക്കുറിച്ച് അറിവുള്ള കാര്യങ്ങൾ പറയാം:

കുര്യന് ഏകദേശം 65 വയസ്സ് പ്രായമുണ്ട്. ഇയാൾ ബോംബെയിൽ റെയിൽവേ ഉദ്യോഗസ്ഥനായിരുന്നു. പെൻഷനായശേഷം നാട്ടിൽ സ്ഥിരതാമസമാക്കി. മല്ലപ്പള്ളിക്ക് സമീപത്തെവിടെയോ ആണ് വീട്. പക്ഷേ ഓതറയ്ക്ക് സമീപം കോഴിമലയിൽ താമസിച്ചിരുന്നതായി അറിയാം. ഇവിടെ ഭാര്യയും രണ്ട് പെൺമക്കളുമുണ്ട്. (ഭാര്യയുടെ ആദ്യ വിവാഹത്തിലുള്ളതാണ് മൂത്ത മകൾ). ഇയാൾക്ക് ബോംബെയിൽ ഒരു ഭാര്യയും മൂന്നു മക്കളുമുണ്ട്. അവരെ ഉപേക്ഷിച്ചിട്ട് നാട്ടിലെത്തി വിവാഹം കഴിച്ചതാണ് ഇപ്പോഴുള്ളത്. ആദ്യ ഭാര്യക്ക് മാസം 1500 രൂപ ചെലവിന് കൊടുക്കണമെന്ന് കോടതി ഉത്തരവുണ്ട്. പക്ഷേ ഇയാൾ നാളിതുവരെ ഒന്നും കൊടുത്തിട്ടില്ല. കുമ്പനാട്ടുള്ള ഏതോ ബൈബിൾ കോളേജിൽ പഠിച്ചിട്ട് പാസ്റ്ററായി വിലസുകയാണിപ്പോൾ എന്ന് അറിയുന്നു. ഇയാളേപ്പറ്റി കൂടുതൽ എന്തെങ്കിലും വിവരം തരാൻ കഴിയുന്നവർ ദയവായി ഡിഫെൻഡർ ഓഫീസിൽ അറിയിക്കുക.

# പിച്ചും പേയും സംഗീതവും

പിച്ചും പേയും പറഞ്ഞാൽ സംഗീതമാകുമോ? ആകുമെന്ന് പറയുന്നവരുണ്ടാകാം. പക്ഷേ പെന്തക്കോസ്തുകാരും ഇങ്ങനെ പറയാൻ തുടങ്ങിയാലോ?

Delirium എന്ന ഇംഗ്ലീഷ് വാക്കിന് പിച്ചും പേയും പറയുക എന്നാണ് അർത്ഥം. Delirious എന്നു പറഞ്ഞാൽ പിച്ചും പേയും പറയുന്ന സ്ഥിതിയിലുള്ള ആൾ എന്നും അർത്ഥം. പക്ഷേ പരിശുദ്ധാത്മാവിൽ നിറഞ്ഞ് നൃത്തം വെയ്ക്കുന്നു എന്ന് അവകാശപ്പെടുന്ന ഒരു ഗായകസംഘത്തിന് ഡിലിറിയസ് എന്ന പേര് എങ്ങനെ കിട്ടി എന്ന് മനസ്സിലാകുന്നില്ല. ഇവർ പിച്ചും പേയും പറയുന്നവരാണെങ്കിൽ അത് തീർച്ചയായും പരിശുദ്ധാത്മാവിൽ പറയുന്നതാകില്ല. പാടുന്നത് പരിശുദ്ധാത്മാവിൽ ആണെങ്കിൽ അത് പിച്ചും പേയും ആകയുമില്ല.

ഇംഗ്ലണ്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു ഗായകസംഘമാണ് ഡിലിറിയസ്. ഇവർ പരിശുദ്ധാത്മാവിൽ നിറഞ്ഞ് പാടുകയും നൃത്തം വെയ്ക്കുകയും ഒക്കെ ചെയ്യുന്നു എന്നാണ് അവകാശപ്പെടുന്നത്. ജനുവരി 15 മുതൽ 20 വരെ അവർ ഇന്ത്യയിൽ ഉണ്ടാകും. 15ന് ബാംഗ്ലൂർ, 17 കൊച്ചി, 19ന് പൂന, 20ന് ബോംബെ എന്നിങ്ങനെയാണ് പരിപാടികൾ.

പക്ഷേ എവിടെയോ ഒരു സ്പെല്ലിംഗ് മിസ്റ്റേക്ക്. ആത്മീയ ഗായകസംഘമാണെങ്കിൽ പിച്ചും പേയും പറയുക എന്ന് അർത്ഥമുള്ള പേര് എങ്ങനെ യോജിക്കും? ഗായകരുടെ ചിത്രം ചില പത്രങ്ങളിൽ കണ്ടു. നമ്മുടെ ആത്മീയതയും സായിപ്പിന്റെ ആത്മീയതയും തമ്മിൽ വ്യത്യാസമുണ്ടെന്നതു ശരിതന്നെ. പക്ഷേ ഇവരെ കണ്ടിട്ട് ആത്മീയത തൊട്ടുതേച്ചിട്ടുപോലുമില്ല എന്നു തോന്നുന്നു. വീണ്ടും പറയട്ടെ, എവിടെയോ കുഴപ്പമുണ്ട്. ഡിഫെൻഡർ ഇതേപ്പറ്റി കൂടുതൽ അന്വേഷിക്കയാണ്. കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ.

## ജി.എഫ്.എ സെമിനാരിയിൽ റാഗിംഗ്?

തിരുവല്ലയിൽ (കുറ്റപ്പുഴ) പ്രവർത്തിക്കുന്ന ജി.എഫ്.എ സെമിനാരിയിൽ ഹീനമായ റാഗിംഗ് നടക്കുന്നതായി അറിയാൻ കഴിഞ്ഞു. ചില പെന്തക്കോസ്ത് പാസ്റ്റർമാരുടെ മക്കളായ സീനിയർ വിദ്യാർത്ഥികളാണത്രേ റാഗിംഗിന് നേതൃത്വം കൊടുക്കുന്നത്. ഇതിനെതിരെ പരാതിയുമായി എത്തിയ ജൂനിയർ വിദ്യാർത്ഥികളെ പരിഹസിക്കുന്ന നടപടിയാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായതെന്നും കേട്ടു. സെമിനാരിയിലെ വിദ്യാർത്ഥികളോടും കോളേജ് അധികൃതരോടും ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: മര്യാദക്ക് ഇരിക്കയാണ് നല്ലത്. അല്ലെങ്കിൽ ഫോട്ടോ സഹിതം ഡിഫെൻഡറിൽ വാർത്ത വരും.



# The Characteristics of True Miracles

The power of miracles as evidence rests in the nature of the acts themselves. Considering the specific details of Bible miracles will help us see the convincing nature of the evidence. This evidence is further strengthened when we contrast Bible miracles to the so-called miracles fraudulently claimed by those who are not really from God.

Note that Bible miracles in general possessed the following characteristics.

**A. There Was Conclusive Evidence.**

Fake miracle workers often claim miracles in cases of invisible or undetectable diseases. Or the problem may be psychosomatic, caused by the person's mental or emotional state, such that an improvement in their mental or emotional state would remove the problem. Often there is no obvious evidence that the supposed event occurred at all. In some cases, in fact, the whole thing could have been staged or faked in harmony with natural law.

Contrast this to the following examples of Bible miracles. We will see no sleight of hand or trickery. In miraculous healings, there was clear evidence that the people had organic disorders, and there was conclusive proof that the problem was removed.

Lazarus - John 11:17,38,39,43-45. It was clear to all witnesses that Lazarus had been dead four days yet came alive again. Blind man - John 9:1,7,18-20,21,25. It was unquestionably proved that the man could not see from birth, but then he was so healed he could see. Woman bowed together - Luke 13:11,13,16. All could see she was hunch-backed, but then she was straightened. Lame man - Acts 3:2,7,8,10; 4:22. Many people knew the man could not walk, but it was obvious that he was enabled to do so. Son of the widow of Nain - Luke 7:11-17. The man had died and a great multitude gathered for his funeral procession. Yet Jesus raised him in the presence of the crowd. Elymas - Acts 13:6-12. Elymas was a sorcerer who opposed Paul's effort to convert a proconsul. Paul struck him blind temporarily, resulting in the proconsul's conversion. Note how Bible miracles are so obviously different from fake so-called miracles.

Fake miracle workers often claim miracles that supposedly happened to someone somewhere whom no one knows locally, so no one can visit them to verify the event. In contrast, local people received the effect of Bible miracles, and local people could observe for themselves and check the matter out. They could question the people involved, check out whether they had really been ill, observe if there was a complete healing or whether there were relapses, etc. Hence, they could determine for themselves whether there had been a real miracle.

Miracles were often done in the presence of unbelievers, false teachers, and even false miracle-workers. Fake faith healers often refuse to do miracles if doubters or opponents are present, or they excuse their failure on the grounds that the observers lack faith. But when men of God had true power to do miracles, they were not afraid to do them in the presence of people who had questions or doubts, or even people who openly opposed their teaching. At times they would deliberately do miracles in the presence of those who did false miracles, so that people could see the difference. Observers could investigate for themselves the validity of the miracles.

Note the contrast between men who had true miraculous power from God and false teachers who attempted to do miracles but failed. Fake miracles, both today and in Bible times, obviously fail to measure up to the characteristics of true miracles. True Bible miracles, by their very nature, demonstrated to everyone present that a real and obvious change occurred. Why are Bible miracles so different in nature from so-called modern miracles?

**B. True Miracles Occurred at a Specific Point in Time.**

Many modern so-called miraculous healings gradually develop over a period of days, weeks, or months, yet people still claim it is a miracle. In Bible miracles the transformation or change caused by the miracle almost always occurred at a specific time when the inspired man attempted to do it or said it would occur. Specifically, Bible healings did not gradually develop over a period of days, weeks, or months but occurred instantaneously.

Acts 3:7 - The lame man immediately leaped and walked. Luke 13:11-13 - The hunch-backed woman was immediately made straight. Mark 2:10-12 - The paralyzed man got up immediately. Mark 5:25-29 - The woman with an issue of blood for 12 years was healed immediately. Mark 5:35-42 - Jairus' daughter had been dead but arose immediately.

**C. True Miracles Were Always Successful.**

Modern so-called miracle workers often attempt miracles but fail, especially when attempting to heal obvious physical deformities. Neither Jesus nor His apostles (after they received Holy Spirit baptism) ever attempted to do a miracle and failed. There was no kind of disease they were unable to heal.

Matthew 4:23,24 - Jesus healed all manner of diseases. Matthew 14:34-36 - All were healed. Acts 5:12,15,16 - They were healed every one. Jesus and His apostles healed people born blind (John 9:1), born lame (Acts 3:2; 4:22), lepers (Mark 1:40-45), raised the dead (John 11; Luke 7:11-17; Acts 9:36-42), replaced missing or withered body parts (Luke 22:49-51; Mark 3:1-5), turned water to wine (John 2:1ff), walked on water (Matt. 14:25-33), calmed storms (Mark 4:35-41), and fed thousands with a few loaves & fishes and had more left over than they started with (Matthew 14:13-21; 15:32-38). (See also Matthew 8:16,17; 10:1; 9:35; 12:15; Mark 7:32-37; 16:17,18.)

**D. True Miracles Were Complete & Perfect**

Modern so-called miracles often involve partial improvements or relapses or require further medical care and treatment, yet the results are claimed to be miracles. Biblical miracles always completely accomplished what the inspired man said they would and always completely satisfied the need. In healings, people returned immediately to complete and normal health. Every symptom of the disease was removed.

Matthew 12:10,13 - A man's withered hand was restored whole as the other hand. Mark 1:40-45 - The leper showed himself to the priest as evidence of a complete healing. Acts 3:8 - The lame man leaped and walked. Mark 2:10-12 - The paralyzed man could walk and carry his bed.

Remember, true miracles almost universally possessed the above characteristics. The point is that the event clearly demonstrated to the observers that something impossible by natural law had occurred, therefore it had to be evidence of God's power. This was necessary in order for miracles to accomplish their purpose of confirming the word preached.

**Signs and Wonders in the Context of Mission**

The first context is the one we see in Acts of the Apostles. It's the context of mission. Remember what Jesus said in Acts 1:8: "But you will receive power when the Holy Spirit has come upon you; and you will be my witnesses in Jerusalem, in all Judea and Samaria, and to the ends of the earth." The power of the Spirit is given to enable us to bear witness to Jesus Christ. The more we are actively involved in this mission, the more we will experience God's miracles. This is true both for our individual lives and for our fellowship together as a church.

**In the Context of the Body of Christ**

The second context in which we can expect signs and wonders is the body of Christ. When we gather together as the people of God for the purpose of building up each other in love, the Spirit of God does mighty works.

Many biblical passages make this point, but none more sharply than 1 Corinthians 12-14. The Corinthians, you see, were "into" signs and wonders, but mainly for their own experience. They wanted miracles, especially speaking in unknown languages, so they could feel puffed up about their own spiritual prowess. Yet this preoccupation with self, strangely similar to what we find in our own day, was inconsistent with the gospel of Christ. So Paul penned what we know as 1 Corinthians 12-14 to redirect Corinthian motivation. In these chapters he reaffirms the supernatural dimension of Christian living. We can expect, Paul says, God to do manifold miracles among us through the Holy Spirit. But the point is not our own thrill or pride. Rather, the point is mutual edification. Signs and wonders are given so that the body of Christ might be built up, so that we might help each other grow into the wholeness and fullness of God.

In one simple verse Paul answers the question: How can we experience signs and wonders? It's verse one of 1 Corinthians 14: "Pursue love and strive for the spiritual gifts, and especially that you may prophesy." "Pursue" translates a vigorous Greek verb that means, among other things, to chase after as in a hunt. If you want to experience the supernatural dimension of Christian living, Paul says, chase after loving one another in the body of Christ. Focus, not on your desire to experience power, but on the needs of others. As you reach out to meet these needs, God will provide the power you need.

**Faith and Miracles.**

First, yes, faith does matter. Jesus made it clear at many points in the gospels that faith is an essential component of the miraculous. For example, Jesus once said, "Whatever you ask for in prayer with faith, you will receive" (Matt 21:22). Furthermore, in one of the most unsettling passages in the gospels, Jesus went to his hometown, where his power to do miracles was strangely limited. Mark explains it this way: "And he could do no deed of power there, except that he laid his hands on a few sick people and cured them. And he was amazed at their unbelief" (Mark 6:5-6). So, even as faith leads to miracles, a lack of faith can keep us from experiencing God's power in our lives.

Faith in Jesus does truly impact our experience of the miraculous. Yet, having said this, I want to qualify it in two ways. First, though our having faith in Christ is essential for healing, this does not mean that every time we pray with genuine faith an obvious healing will occur. Some Christians teach this, to their spiritual peril. We must always remember that God is sovereign, and that though our faith matters, it's not some magic key to make God do what we want him to do. This also means, by the way, that you and I must NEVER tell a person that they haven't been healed because they lack enough faith. This trip has been laid on too many Christians too many times. Though faith does matter if we're going to experience God's power in our lives, remember how much faith Jesus said we need to have: "For truly I tell you, if you have faith the size of a mustard seed, you will say to this mountain, 'Move from here to there,' and it will move; and nothing will be impossible for you" (Matt 17:20). How much faith do you need? A mustard seed's worth! Elsewhere Jesus emphasized how tiny a mustard seed is. So to experience God's power you don't need a mountain of faith, but only a smidgen. In practice this means that if you have enough faith actually to pray for God's supernatural help, that's enough faith.

**Keeping Our Focus in the Right Place**

Let us close by reminding us of where we must focus if we want to experience signs and wonders. Not on signs and wonders. Not on miracles. Not on charismatic personalities. Not on magic words. Not on what you can get out of it. Rather, we're to focus first of all upon Christ. We're to seek him and to seek to be like him. If our passion is to lift him up and to glorify Christ, then we'll be in a place to experience miracles and genuine signs.

Second, we must focus on loving one another and building up the body of Christ. God will provide, through his Spirit, gifts of power to help us bring healing to each other and wholeness to our church.

Third, we must focus on reaching out to the world with the good news of Christ. Jesus promised that the Spirit would empower the church to be his witnesses. The more we do this, the more we will experience the signs and wonders that accompany God's mission in the world. So, let us seek to glorify Christ, to love one another, and to bear witness to Christ in the world. As we do, may God perform signs and wonders among us that point to his power and presence. May he receive all the glory!

# കെ.എ.ഏബ്രഹാമിന്റെ സപ്ലിമെന്റിനു മറുപടി

കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച ലേഖനത്തോടെ കെ.എ.ഏബ്രഹാമിനേക്കുറിച്ചുള്ള പരമ്പര അവസാനിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ ഹാലേലൂയ്യാ ദ്വൈവാരികയുടെ നവംബർ 15 ലക്കത്തിൽ കെ.എ.ഏബ്രഹാം നാലു പേജ് വലിപ്പമുള്ള ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കയുണ്ടായി. ഡിഫെൻഡർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കുള്ള മറുപടിയാണ് എന്ന് പ്രത്യേകം എടുത്തു പറയുന്നില്ലെങ്കിലും അത് ഡിഫെൻഡറിനുള്ള മറുപടിയാണെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. ഇങ്ങനെ മറുപടി പറയുന്നത് തെറ്റല്ല. എങ്കിലും തെറ്റിദ്ധാരണാജനകമായ ചിലതൊക്കെ ആ സപ്ലിമെന്റിൽ കണ്ടതുകൊണ്ട് മറുപടി എഴുതാതെ നിവൃത്തിയില്ല.

കെ.എ.ഏബ്രഹാമിനേക്കുറിച്ച് ഡിഫെൻഡർ ഉന്നയിച്ച ആരോപണങ്ങളെ രണ്ടു വിഭാഗങ്ങളായി തിരിക്കാം.

1. ദൈവവചനത്തിന് ദുർവ്യാഖ്യാനം നൽകുന്നു.
2. ശാസ്ത്രം, ചരിത്രം തുടങ്ങി കെ.എ.ഏബ്രഹാമിന് അറിഞ്ഞുകൂടാത്ത വിഷയങ്ങളുമായി ബന്ധപ്പെട്ട് വിവരക്കേട് പറയുന്നു.

ഈ രണ്ട് ആരോപണങ്ങളിൽ ഏതെങ്കിലും ഒന്ന് തെറ്റാണെന്ന് കാര്യകാരണ സഹിതം തെളിയിക്കാൻ കെ.എ.ഏബ്രഹാമിന് കഴിഞ്ഞിട്ടില്ല. ഇദ്ദേഹം പറഞ്ഞ വിഡ്ഢിത്തങ്ങൾ വിശദമായി ഡിഫെൻഡറിൽ എഴുതിയിരുന്നു. പക്ഷേ അവയേക്കുറിച്ച് കെ.എ.ഏബ്രഹാം പറയുന്നതേയില്ല. ഇതൊക്കെ നൂറു കണക്കിനു സ്റ്റേജുകളിൽ പ്രസംഗിച്ചതാണെന്നും സഭാനേതാക്കൻമാർ ഉൾപ്പെടെ അനേകർ കേട്ടിട്ടും അഭിനന്ദിച്ചതല്ലാതെ കുറ്റം പറഞ്ഞില്ലെന്നുമാണ് കെ.എ.ഏബ്രഹാം പറയുന്നത്. സംഗതി ശരിയായിരിക്കാം. പക്ഷേ കെ.എ.ഏബ്രഹാം പറഞ്ഞുപിടിപ്പിച്ചതെല്ലാം ഒന്നാംതരമാണെന്നതിന് ഇത് തെളിവാകുന്നതെങ്ങനെ?

ദുരുപദേശങ്ങൾ, ദുർന്നടപടികൾ തുടങ്ങിയവയ്ക്കെതിരെ പെന്തക്കോസ്ത് നേതാക്കൻമാർ പ്രതികരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി അതല്ല. സഭയ്ക്കുള്ളിലും സഭയ്ക്കു പുറത്തും ഒട്ടേറെ ദുരുപദേശങ്ങൾ പ്രചരിക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഏതെങ്കിലും സഭാനേതാവ് ദുരുപദേശങ്ങൾക്കെതിരെ പ്രതികരിച്ചതായി അറിവില്ല. അവർക്ക് അതിനൊന്നും സമയമില്ല, താല്പര്യവുമില്ല. എങ്ങനെ പണം ഉണ്ടാക്കാം, സ്വന്തം കസേര എങ്ങനെ സംരക്ഷിക്കാം തുടങ്ങിയ വിഷയങ്ങൾ മാത്രമേ ഇപ്പോൾ അവരുടെ ഉള്ളിലുള്ളൂ. കെ.എ.ഏബ്രഹാമിനെയെന്നല്ല സാക്ഷാൽ ചെകുത്താനെപ്പോലും അവർ എതിർക്കില്ല, പിണക്കുകയുമില്ല. അതുകൊണ്ട് പെന്തക്കോസ്ത് നേതാക്കൻമാർ മറുത്തു പറഞ്ഞില്ല എന്നതുകൊണ്ട് വിഡ്ഢിത്തം വിജ്ഞാനമാകുമെന്ന് കരുതരുത്.

കെ.എ.ഏബ്രഹാമിന് തെറ്റുന്നതെവിടെ എന്നറിയാൻ അതേ പത്രത്തിന്റെ രണ്ടാം പേജിൽ കെ.എ.ഏബ്രഹാം എഴുതിയ കുറിപ്പ് വായിച്ചാൽ മതി.

"ആമോസ് 7:7,8 വായിക്കുമ്പോൾ കർത്താവ് ഒരു മതിലിൻമേൽ നിൽക്കുന്നു. കൈയ്യിൽ ഒരു തൂക്കുകട്ട. പക്ഷേ തൂക്കുകട്ട പിടിച്ചിരിക്കുന്ന കർത്താവ് നിൽക്കുന്നത് അതേ തൂക്കുകട്ട പിടിച്ചുണ്ടാക്കിയ മതിലിന്റെ മുകളിലാണ്. ശ്രദ്ധിച്ചോ? നമുക്ക് എല്ലാവരേയും അളക്കാം. പക്ഷേ നാം നിൽക്കുന്നത് എവിടെയാണെന്ന് ഓർക്കണം".

സ്വന്തം കണ്ണിൽ കോലിരിക്കുമ്പോൾ മറ്റുള്ളവരുടെ കണ്ണിലെ കരടെടുക്കാൻ തുനിയരുത് എന്ന ദൂത് പറയാനാനാണ് കെ.എ.ഏബ്രഹാം ഈ വാക്യം ഉപയോഗിക്കുന്നത്. പക്ഷേ ഇത്തരത്തിലുള്ള ഒരു വ്യാഖ്യാനത്തിന് ഈ വേദഭാഗം ഉപയോഗിക്കാമോ? അതറിയണമെങ്കിൽ അതിനു ശേഷമുള്ള ഭാഗംകൂടി വായിച്ചാൽ മതി.

"യഹോവ എന്നോട്: ആമോസേ, നീ എന്തുകാണുന്നു എന്നു ചോദിച്ചതിന് ഒരു തൂക്കുകട്ട എന്നു ഞാൻ പറഞ്ഞു. അതിനു കർത്താവ്: ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ നടുവിൽ ഒരു തൂക്കുകട്ട പിടിക്കും. ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വിടുകയില്ല. യിസാഹാക്കിന്റെ പൂജാഗിരികൾ പാഴും യിസ്രായേലിന്റെ വിശുദ്ധ മന്ദിരങ്ങൾ ശൂന്യവുമായിത്തീരും. ഞാൻ യൊരോബെയാം ഗൃഹത്തോടു വാളുമായി എതിർത്തു നിൽക്കും എന്ന് അരുളിച്ചെയ്തു".

വിശേഷിച്ച് ഒരു വ്യാഖ്യാനം കൂടാതെ മനസ്സിലാക്കാവുന്ന കാര്യമാണിത്. ആമോസ് ദർശനം കണ്ട കാലത്ത് (ആമോ.1:1) യിസ്രായേലിനെ ഭരിച്ചിരുന്ന യൊരോബെയാമിനും യിസ്രായേൽ ജനത്തിനും ഉണ്ടാകാനുള്ള ന്യായവിധിയേക്കുറിച്ചാണ് ആമോസ് പറയുന്നത്. "ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ നടുവിൽ ഒരു തൂക്കുകട്ട പിടിക്കും. ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വിടുകയില്ല" എന്നാണ് കർത്താവ് പറഞ്ഞത്. പക്ഷേ "നമുക്ക് എല്ലാവരേയും അളക്കാം, പക്ഷേ നാം നിൽക്കുന്നത് എവിടെയാണെന്ന് ഓർക്കണം" എന്ന ദൂതാണ് കെ.എ.ഏബ്രഹാം തരുന്നത്. വിചിത്രമായ വ്യാഖ്യാനം തന്നെ. കർത്താവ് തൂക്കുകട്ടയും പിടിച്ച് നിൽക്കുന്ന കാര്യം പറഞ്ഞിട്ട് 21-ാം നൂറ്റാണ്ടിലെ പെന്തക്കോസ്തുമായി ബന്ധപ്പെടുത്തി ഈ ഭാഗം വ്യാഖ്യാനിക്കാനുള്ള ഒരു ന്യായവും ഇല്ലെന്നു വ്യക്തം. പക്ഷേ കെ.എ.ഏബ്രഹാമിന് ഇതൊന്നും പ്രശ്നമല്ല. ഒന്നോ രണ്ടോ വാക്യം വായിച്ചിട്ട് സന്ദർഭവുമായി ഒരു ബന്ധവുമില്ലാത്തവിധം വ്യാഖ്യാനിച്ചാൽ അഭിനന്ദിക്കാൻ ആളുണ്ടായെന്നു വരും. പക്ഷേ അത് ദുർവ്യാഖ്യാനമാണെന്ന് ഡിഫെൻഡർ പറയും.

തന്റെ വിദ്യാഭാസം എത്രത്തോളമുണ്ടെന്ന് കെ.എ.ഏബ്രഹാം പറയുന്നു. പത്താം ക്ലാസ്സ് പാസ്സായി. പിന്നീട് ശാരോനിൽ നിന്ന് ബി.റ്റി.എച്ച് എടുത്തു. (ശാരോനിലെ ബി.റ്റി.എച്ചിന്റെ കാര്യം പുറത്തു പറയാതിരിക്കയാണ് ഭേദം). സെറാമ്പൂരിൽ നിന്നും ബി.റ്റി.എച്ച് എടുത്തു. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യോളജിയിൽ എം.എ. എടുത്തു.

ദൈവവേല ചെയ്യാൻ വിദ്യാഭ്യാസം ഉണ്ടാകുന്നത് യോഗ്യതയോ അയോഗ്യതയോ അല്ല. അക്ഷരാഭ്യാസം പോലും ഇല്ലെങ്കിലും ദൈവവേല ചെയ്യാം. പക്ഷേ ഇല്ലാത്ത അറിവ് ഉണ്ടെന്നു ഭാവിച്ച് വിവരക്കേട് പറയുന്നതാണ് പ്രശ്നം. പത്താം ക്ലാസ്സിനു ശേഷം കെ.എ.ഏബ്രഹാം സയൻസോ ചരിത്രമോ പഠിച്ചിട്ടില്ല. പഠിക്കാതിരുന്നത് തെറ്റോ പോരായ്മയോ അല്ലതാനും. പക്ഷേ താൻ വലിയ പണ്ഡിതനാണെന്ന് വരുത്തിത്തീർക്കാൻ ഹീലിയം കത്തിക്കുമ്പോഴാണ് പ്രശ്നമാകുന്നത്. ഇത്തരം പാണ്ഡിത്യപ്രകടനം നിർത്തിയാൽ പകുതി പ്രശ്നം തീർന്നു.



പോൾ ഗോപാലകൃഷ്ണനിൽ നിന്നാണ് ഈ തിൻമ കെ.എ.ഏബ്രഹാം പഠിച്ചത്. ആറാം ക്ലാസ്സുകാരനായ പോൾ ഗോപാലകൃഷ്ണന് സ്റ്റേജിൽ കയറി സയൻസും ഹിസ്റ്ററിയും ഒക്കെ പറഞ്ഞില്ലെങ്കിൽ ഉറക്കം വരില്ല. ദൈവം കൊടുത്ത ജ്ഞാനമാണിത് എന്ന് പറയുന്നുമുണ്ട്. (പോൾ ഗോപാലകൃഷ്ണനെ സയൻസും ഹിസ്റ്ററിയും പഠിപ്പിക്കലാണ് ദൈവത്തിന്റെ പണി).

കേരളത്തിലെ ഏറ്റവും ജനപ്രീതിയുള്ള പ്രസംഗകൻ കെ.എ. ഏബ്രഹാം ആണത്രേ. ശരിയായിരിക്കും. കാരണം, പെന്തക്കോസ്ത് അത്ര അധ:പതിച്ചു കഴിഞ്ഞു. അവർക്കു വേണ്ടത് ദൈവവചനമല്ല കിഴവിക്കഥകളും കർണ്ണരസമാകുമാറുള്ള കഥാപ്രസംഗവുമാണ്. ഇത്തരം പ്രസംഗം നടത്താൻ കെ.എ.ഏബ്രഹാമിനോളം കഴിവുള്ളവർ വിരളമാണ്. ആളുകളെ ചിരിപ്പിക്കയും രസിപ്പിക്കയുമാണ് സുവിശേഷപ്രസംഗത്തിന്റെ ലക്ഷ്യമെങ്കിൽ അത് മറ്റൊരു സുവിശേഷമാണ്.

പൗലോസിനേപ്പോലുള്ളവരുടെ പ്രസംഗം വാക്ചാതുര്യത്തോടെയുള്ളതായിരുന്നില്ല. അത് ജനപ്രിയവുമായിരുന്നില്ല. മനുഷ്യരെ പ്രസാദിപ്പിക്കുന്നവന് ദൈവത്തിന്റെ ദാസനായിരിക്കാൻ കഴിയുകയില്ല എന്ന് പൗലോസ് അറിഞ്ഞിരുന്നു. (ഗലാ.1:10). കെ.എ.ഏബ്രഹാമിന്റെ പ്രസംഗം പൊതുജനത്തിന് ഇഷ്ടമാണോ എന്നല്ല അത് ദൈവത്തെ പ്രസാദിപ്പിക്കുന്ന സത്യവചനമാണോ എന്നാണ് നോക്കേണ്ടത്. കാരണം പൊതുജനം കഴുതയാണ്. കഴുതയ്ക്ക് ഇഷ്ടമായതുകൊണ്ട് ഒരു വസ്തു നല്ലതായിരിക്കണമെന്ന് നിർബ്ബന്ധമില്ല.

കെ.എ.ഏബ്രഹാം ചോദിക്കുന്നു: "ഇവിടെ പെന്തക്കോസ്ത് പ്രസംഗകരിൽ ദൈവശാസ്ത്രപ്രകാരം പ്രസംഗിക്കുന്ന എത്ര പേരുണ്ട്? ഇവിടുത്തെ ദൈവശാസ്ത്ര പ്രസംഗരീതി ശരിയാണെന്ന് പരിശുദ്ധാത്മാവ് ആർക്കാണ് വെളിപ്പെടുത്തിയത്. ശരിയായ പ്രസംഗത്തിന്റെ കേരളത്തിലെ ഗുരു ആരാണ്? ആർക്കും അറിയില്ല."

ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിക്കുന്ന പ്രസംഗകർ കേരളത്തിൽ വിരളമാണെന്നത് ശരിതന്നെ. പക്ഷേ കെ.എ.ഏബ്രഹാം പറയുന്നത്ര വിഡ്ഢിത്തങ്ങൾ എഴുന്നെള്ളിക്കുന്ന പ്രസംഗകരെ കണ്ടെത്താനുമാകില്ല. ആർക്കും തെറ്റുപറ്റാം. പക്ഷേ വിഡ്ഢിത്തമേ പറയുള്ളൂ എന്നു വന്നാലോ?

ഏതെങ്കിലും ഒരു വ്യാഖ്യാനരീതി ശരിയോ തെറ്റോ എന്ന് പരിശോധിക്കുന്നത് പരിശുദ്ധാത്മാവ് വെളിപ്പാടു നൽകി എന്ന് ആരെങ്കിലും അവകാശപ്പെടുന്നതിനെ ആധാരമാക്കിയല്ല ദൈവവചനം എന്തു പറയുന്നു എന്നു നോക്കിയാണ്. ഓരോരുത്തർക്കും ഉണ്ടാകുന്ന വെളിപ്പാടും വെളിച്ചപ്പാടും അനുസരിച്ച് ബൈബിൾ വ്യാഖ്യാനിച്ചാണ് പെന്തക്കോസ്ത് ഇന്നത്തെ സ്ഥിതിയിലെത്തിയത്. ഇനിയെങ്കിലും ഇതൊന്ന് അവസാനിപ്പിച്ച് ബൈബിളിലേക്ക് മടങ്ങുക.

ശരിയായ പ്രസംഗത്തിന്റെ കേരളത്തിലെ ഗുരു ആരാണ് എന്ന് കെ.എ.ഏബ്രഹാം ചോദിക്കുന്നു. ശരിയായ പ്രസംഗത്തിന് ഓരോ ദേശത്തും ഓരോ ഗുരു എന്ന ക്രമത്തിന് വേണമെന്നാണ് ഇദ്ദേഹം ധരിച്ചു വെച്ചിരിക്കുന്നതെന്നു തോന്നുന്നു. ദൈവവചനം വ്യാഖ്യാനിക്കുന്നതിന് ചില അംഗീകൃത രീതികളുണ്ട്. അത് അല്പം വിശദമായി പറയേണ്ട കാര്യവുമാണ്. അതുകൊണ്ട് സ്ഥലപരിമിതിമൂലം ഇവിടെ വിശദീകരിക്കുന്നില്ല. സെറാമ്പൂരിൽ നിന്ന് ബി.റ്റി.എച്ച് എടുത്തു എന്നു പറയുന്ന കെ.എ.ഏബ്രഹാം ഹെർമ്മെന്യൂട്ടിക്സ് എന്നൊരു വിഷയത്തേക്കുറിച്ചു കേൾക്കാതിരുന്നതെങ്ങനെ? വ്യാഖ്യാന ശാസ്ത്രത്തിന്റെ ബാലപാഠങ്ങളെങ്കിലും പഠിച്ചിരുന്നെങ്കിൽ കെ.എ. ഏബ്രഹാം ഒട്ടേറെ വിവരക്കേടുകൾ ഒഴിവാക്കുമായിരുന്നു.

"തികച്ചും ഗ്രാമീണരായ സാധാരണക്കാരോട് ദൈവവചനം പ്രസംഗിക്കുമ്പോൾ അവർക്കു മനസ്സിലാകുന്ന ഭാഷയിൽ ഉപദേശത്തിൽ പിശകു വരാതെ പറഞ്ഞുകൊടുക്കുന്നതു തെറ്റാണെന്നു പറയരുതേ" എന്ന് കെ.എ.ഏബ്രഹാം പറയുന്നു. ഇല്ലേ ഇല്ല. അതു തെറ്റാണെന്നു പറയുകയില്ല. പക്ഷേ കെ.എ.ഏബ്രഹാം ചെയ്യുന്നത് അതല്ലല്ലോ.

ഒന്നാമതായി, സാധാരണക്കാർക്കു മനസ്സിലാകുന്ന ഭാഷയല്ല കെ.എ.ഏബ്രഹാം ഉപയോഗിക്കുന്നത്. വളരെ വിഷമിച്ച് കഷ്ണിച്ച് എഴുതിയുണ്ടാക്കി കാണാപ്പാഠം പഠിച്ച ഗീർവാണല്ലേ ഗ്രാമങ്ങളിൽ വിളമ്പുന്നത്. ഇത്തരം അലുഗുലുത്തു ഭാഷ പറഞ്ഞ് ഇദ്ദേഹം സുവിശേഷത്തെ അവഹേളിക്കയാണ് ചെയ്യുന്നത്.

ഉപദേശപ്പിശകു കൂടാതെയാണ് പറഞ്ഞുകൊടുക്കുന്നത് എന്ന വാദവും ശരിയല്ല. ദൈവവചനം കോട്ടിമാട്ടി പ്രസംഗിച്ച് സത്യോപദേശം സ്ഥാപിക്കാൻ പറ്റില്ല. ദൈവവചനം ലളിതമായ ഭാഷയിൽ വ്യാഖ്യാനിക്കണം. ഡിഫെൻഡർ അതിന് എതിരല്ല.

ഗ്രാമീണരുടെ ഇടയിൽ പ്രസംഗിക്കുന്നു എന്നു വീമ്പിളക്കുന്നതിനു മുൻപായി ആ കണ്ഠകൗപീനം അഴിച്ചു കളയുക. കൗപീനം കൂടിയേ കഴിയൂ എന്ന് നിർബ്ബന്ധമാണെങ്കിൽ അത് സാക്ഷാൽ നാടൻ ആയിരിക്കട്ടെ. (സായിപ്പിന്റെ നാട്ടിൽ പ്രസംഗിക്കുമ്പോൾ കണ്ഠത്തിലും ഒരു കൗപീനം ആകാം).

പരിശുദ്ധാത്മാവ് ആമേൻ പറയുമോ? പറയുമെന്ന് കെ.എ.ഏബ്രഹാം പറയുന്നു. "കപട ഭക്തർക്കും കപട ആരാധനയ്ക്കുമെതിരേ, സഭയിലെ പണക്കൊതിയൻമാർക്കെതിരെ, എഴുതുക. പരിശുദ്ധാത്മാവ് ആമേൻ പറയും". ഇത്തരമൊരു സിദ്ധാന്തം ആദ്യമായാണ് കേൾക്കുന്നത്. ഏതായാലും പരിശുദ്ധാത്മാവ് ഏതെങ്കിലും മനുഷ്യന് ആമേൻ പറഞ്ഞതായി ബൈബിളിൽ കാണുന്നില്ല.

കെ.എ.ഏബ്രഹാം ചാനലിൽ പ്രസംഗിക്കുന്നതിനെ ആരോ എതിർക്കുന്നതായി പറയുന്നു. അതാരാണെന്ന് വെളിപ്പെടുത്തണം. അത്തരക്കാർക്കെതിരെ എഴുതാൻ ഡിഫെൻഡർ തയ്യാറാണ്. ചാനലിലൂടെ മാത്രമല്ല എല്ലാവിധ മാദ്ധ്യമങ്ങളിലൂടെയും സുവിശേഷം പ്രചരിപ്പിക്കാം. പക്ഷേ പ്രചരിപ്പിക്കുന്നത് സുവിശേഷമായിരിക്കണം.

പവ്വർ വിഷൻ ചാനൽ സുവിശേഷീകരണത്തിൽ വളരെ പ്രയോജനമാണ് എന്ന് കെ.എ. ഏബ്രഹാം പറയുന്നു. കത്തോലിക്കാ മതം ഉൾപ്പെടെയുള്ള സകലതും സുവിശേഷമാണെങ്കിൽ ഈ പറഞ്ഞത് ശരിയാണ്. പക്ഷേ അത് മറ്റൊരു സുവിശേഷമായിരിക്കും എന്നു വ്യക്തം.

നൂറുകണക്കിന് ആളുകൾ കെ.എ.ഏബ്രഹാമിനെ വിളിച്ച് പ്രോഗ്രാമിനേക്കുറിച്ച് നല്ല അഭിപ്രായം പറഞ്ഞത്രേ. നൂറുകണക്കിനല്ല ആയിരക്കണക്കിന് വിഡ്ഢികൾ ഈ ഭൂലോകത്തുണ്ട്. അതുകൊണ്ട് നല്ല അഭിപ്രായം പറയുന്നവരുടെ എണ്ണം ഒട്ടും കുറയാൻ സാദ്ധ്യതയില്ല. പക്ഷേ ഇത്തരക്കാരുടെ അഭിപ്രായം കേട്ട് പ്രസംഗം തുടരുന്നത് ബുദ്ധിയല്ല.

ഫോർട്ട് കൊച്ചി വെളി മൈതാനത്ത് ഒരു മുടന്തൻ സൗഖ്യമായി ഗ്രൗണ്ടിനു ചുറ്റും ഓടി നടന്നു എന്ന് കെ.എ.ഏബ്രഹാം പറയുന്നു. ആ മുടന്തന്റെ പേരും വിലാസവും കിട്ടിയിരുന്നെങ്കിൽ അയാളെ നേരിൽ കണ്ട് കാര്യങ്ങൾ ചോദിച്ചറിയാമായിരുന്നു.

"എനിക്കെതിരായി പ്രചരിപ്പിക്കുന്നവരേയും അവരുടെ മക്കളേയും ദൈവം അനുഗ്രഹിക്കട്ടെ" എന്ന് കെ.എ.ഏബ്രഹാം ആശംസിക്കുന്നു. കെ.എ.ഏബ്രഹാമിന്റെ ശുപാർശ കൂടി ലഭിച്ചു കഴിഞ്ഞതുകൊണ്ട് ഇനി ദൈവത്തിന് അവരെ അനുഗ്രഹിക്കാൻ ശങ്കിക്കേണ്ടതില്ല. പക്ഷേ കെ.എ. ഏബ്രഹാം സുവിശേഷ ഘോഷണം എന്ന പേരിൽ വിവരക്കേട് പ്രസംഗിക്കുന്നത് തുടരാനാണ് ഭാവമെങ്കിൽ ഇത്തരം ആശംസകൾ കുറച്ചധികം നടത്തേണ്ടതായി വരും. കെ.എ.ഏബ്രഹാമിനെ നശിപ്പിക്കാൻ വേണ്ടി വിമർശിക്കുകയും എതിർക്കുകയും ചെയ്യുന്നവരുണ്ടാകാം. അക്കൂട്ടത്തിൽ ഡിഫെൻഡറിനെ ഉൾപ്പെടുത്തരുത്. തെറ്റുകൾ തിരുത്തി കെ.എ.ഏബ്രഹാം യഥാർത്ഥ സുവിശേഷം പ്രസംഗിക്കണമെന്നാണ് ഡിഫെൻഡറിന്റെ ആഗ്രഹം.

RNI No. 68089 / 97
2006 December 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# അച്ചൻകുഞ്ഞിനോട് ഡിഫെൻഡർ എന്തുകൊണ്ട് വിയോജിക്കുന്നു?

ദൈവമക്കളെ ദുരുപദേശക്കുരുക്കിൽ അകപ്പെടുത്താൻ നിരവധി പെന്തക്കോസ്തുകാരെ സാത്താൻ ഉപയോഗിക്കുന്നുണ്ട്. അവരിൽ പ്രമുഖനാണ് അച്ചൻകുഞ്ഞ് ഇലന്തൂർ. അതുകൊണ്ടാണ് ഡിഫെൻഡർ അച്ചൻകുഞ്ഞിനെ എതിർക്കുന്നത്.

അച്ചൻകുഞ്ഞിലൂടെ സാത്താൻ പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങളിൽ ചിലതിനേക്കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ വിശദീകരിച്ചിരുന്നു. മറ്റൊരു വിഷയത്തേക്കുറിച്ച് ഈ ലക്കത്തിൽ വിശദീകരിക്കാം.

എല്ലാവരുടേയും മുന്നിൽ നല്ലപിള്ള ചമയുക എന്നത് അച്ചൻകുഞ്ഞിന്റെ സ്ഥിരം പരിപാടിയാണ്. കത്തോലിക്കർ ഉൾപ്പെടെയുള്ളവർ അച്ചൻകുഞ്ഞിന് സ്വീകാര്യരായത് ഇങ്ങനെയാണ്. കടുത്ത ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന ദി പെന്തക്കോസ്ത് മിഷനും അച്ചൻകുഞ്ഞിന് പ്രിയപ്പെട്ടതുതന്നെ. അവരുടെ പ്രീതി സമ്പാദിക്കാനായി അച്ചൻകുഞ്ഞ് എത്ര വേണമെങ്കിലും താഴും. സംശയമുള്ളവർ മരുപ്പച്ചയുടെ നവംബർ 20 ലക്കം നോക്കുക.

റ്റി.പി.എമ്മിന്റെ ചീഫ് പാസ്റ്ററായിരുന്ന റ്റി.യു.തോമസ് മരിച്ചു. ഈ വാർത്ത മിക്ക പെന്തക്കോസ്ത് പത്രങ്ങളും പ്രസിദ്ധീകരിക്കയും ചെയ്തിരുന്നു. വായനക്കാർ അറിയാൻ ആഗ്രഹിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കുന്നത് തെറ്റല്ല. പക്ഷേ അച്ചൻകുഞ്ഞ് അവിടംകൊണ്ട് നിർത്തിയില്ല. റ്റി.പി.എമ്മിനെ പ്രീതിപ്പെടുത്താനായി നാലുപേജുള്ള ഒരു സപ്ലിമെന്റും അച്ചൻകുഞ്ഞ് ഇറക്കി. ഉപദേശവും ദുരുപദേശവും ഒന്നും അച്ചൻകുഞ്ഞിന് പ്രശ്നമല്ല. നല്ലപിള്ള ചമയാൻ കഴിഞ്ഞല്ലോ. അതുമതി.

റ്റി.പി.എം. ദുരുപദേശ പ്രസ്ഥാനമാണോ? അതിനുള്ള ഉത്തരം ഐ.പി.സിയുടെ ആദ്യകാല നേതാക്കൻമാരിൽ ഒരാളായിരുന്ന പാസ്റ്റർ റ്റി.ജി.ഉമ്മൻ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് സാത്താനെ കണ്ടാൽ സാത്താനാണെന്ന് തിരിച്ചറിയാനുള്ള കഴിവുണ്ടായിരുന്നു. അതുകൊണ്ട് ദുരുപദേശം തിരിച്ചറിയാനും കഴിഞ്ഞിരുന്നു. പക്ഷേ ഇന്നത്തെ ഐ.പി.സി നേതാക്കൻമാർക്ക് വിവരമില്ല, വിവേചനവരവുമില്ല.

റ്റി.പി.എം. എന്നത് ഒരു കൾട്ടാണ്. രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ള ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന കൾട്ട്. വിശദീകരിക്കാം.

എന്താണ് കൾട്ട്? അതിന്റെ ലക്ഷണങ്ങൾ എന്തൊക്കെ? അതിനുള്ള ഉത്തരം ദൈവശാസ്ത്രജ്ഞൻമാർ പറഞ്ഞിട്ടുണ്ട്. അതേപ്പറ്റി ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുമുണ്ട്. ഈ ലക്ഷണങ്ങളിൽ ഏതൊക്കെ റ്റി.പി.എമ്മിന് യോജിക്കും എന്ന് പരിശോധിക്കാം.

1. ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം.

ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം എല്ലാ കൾട്ടുകളുടേയും ലക്ഷണമാണ്. നേതാവ് പറയുന്നതെന്തും അനുസരിച്ചുകൊള്ളണം. അഭിപ്രായ സ്വാതന്ത്ര്യമോ പ്രവർത്തന സ്വാതന്ത്ര്യമോ ഇല്ല. റ്റി.പി.എമ്മിൽ ഇങ്ങനെയാണ്. ചീഫ് പാസ്റ്റർ ദൈവതുല്യനാണ്. അദ്ദേഹത്തിന്റെ കല്പനകൾ ദൈവകല്പനപോലെ അനുസരിക്കണം. അദ്ദേഹത്തെ ധിക്കരിച്ചാൽ നിത്യ നരകത്തിലെത്തും.

2. തങ്ങൾ മാത്രമാണ് ദൈവസഭ.

എല്ലാ കൾട്ടുകളും തങ്ങൾ മാത്രമാണ് ദൈവസഭ എന്ന് പഠിപ്പിക്കും. റ്റി.പി.എമ്മും അതുതന്നെ ചെയ്യുന്നു. റ്റി.പി.എമ്മിന് പുറത്ത് രക്ഷയില്ല എന്ന് അവർ പറയാതെ പറയും. അടിസ്ഥാന വേദോപദേശങ്ങളെല്ലാം അംഗീകരിക്കുന്ന പെന്തക്കോസ്ത് സഭകളിലെ ശുശ്രൂഷകരെപ്പോലും ഇവർ അംഗീകരിക്കയില്ല. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്നു പറയപ്പെടുന്ന ഐ.പി.സിയുടെ പ്രസിഡന്റ് റ്റി.പി.എമ്മിന്റെ ആരാധന നടക്കുന്നിടത്തു വന്നാലും ഒരു അവിശ്വാസിയോട് ഇടപെടുന്ന രീതിയിലായിരിക്കും ഇവർ പെരുമാറുക. റ്റി.പി.എമ്മിൽ അംഗമല്ലാത്ത ആരും ദൈവമക്കളോ ദൈവദാസൻമാരോ അല്ല എന്ന നിലപാട് കൾട്ടിന്റെ ലക്ഷണമാണ്.

3. രഹസ്യ സ്വഭാവം.

ഏതു പ്രസ്ഥാനത്തിനും ചില രഹസ്യങ്ങളൊക്കെ ഉണ്ടാകും. അവ രഹസ്യങ്ങളായി സൂക്ഷിക്കുന്നത് തെറ്റുമല്ല. പക്ഷേ കൾട്ടുകൾക്ക് എല്ലാം രഹസ്യങ്ങളാണ്. അകത്തു നടക്കുന്ന ഒന്നും പുറത്തുള്ളവർ അറിയുകയില്ല. റ്റി.പി.എമ്മിന്റെ സ്ഥിതിയും ഇതുതന്നെ. റ്റി.പി.എമ്മിലെ വിശ്വാസികൾക്ക് ആരാധനയിൽ പങ്കെടുക്കുക, പണം കൊടുക്കുക എന്നിവയിൽ അധികമൊന്നും ചെയ്യാനില്ല. ബാക്കിയെല്ലാം നേതാക്കൻമാർ ചെയ്യും.

സാധാരണക്കാരായ പാസ്റ്റർമാരുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. സഭയുടെ രഹസ്യങ്ങളൊന്നും അവർക്കും അറിഞ്ഞുകൂടാ. മുകളിലുള്ളവരുടെ ഉത്തരവുകൾ ചോദ്യം ചെയ്യാതെ അനുസരിക്കുക മാത്രമാണ് അവരും ചെയ്യുന്നത്. കൾട്ടുകളിൽ മാത്രമേ ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടാകൂ.

4. ബൈബിളിന് പുതിയ വ്യാഖ്യാനം.

എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ദൈവവചനം തങ്ങൾക്ക് ബോധിച്ച വിധത്തിൽ വ്യാഖ്യാനിക്കാറുണ്ട്. പക്ഷേ കൾട്ടുകൾ ഒരു പടികൂടി മുൻപോട്ടു പോകും. തങ്ങളുടെ പ്രസ്ഥാനം മാത്രമാണ് ദൈവസഭ എന്നു തെളിയിക്കാനായി അവർ ബൈബിളിന് പുതിയ വ്യാഖ്യാനം ഇറക്കും. ഇതു തന്നെയാണ് റ്റി.പി.എമ്മും ചെയ്യുന്നത്. വെളിപ്പാട് 7, 11 അദ്ധ്യായങ്ങളിൽ കാണുന്ന 1,44,000 റ്റി.പി.എമ്മിലെ പാസ്റ്റർമാരാണ് എന്നത്രേ ഇവരുടെ വാദം.

റ്റി.പി.എമ്മിന്റെ വ്യാഖ്യാനമനുസരിച്ച് അവരുടെ പാസ്റ്റർമാർക്ക് സ്വർഗ്ഗത്തിൽ പ്രത്യേക പദവിയുണ്ട്. അവർ കന്യകമാരാണത്രേ. വിവാഹം കഴിക്കാതെ ജീവിക്കുന്നതിനാൽ അവർക്ക് ലഭിക്കുന്നതാണ് ഈ സ്ഥാനം. സാധാരണക്കാരായ വിശ്വാസികൾ മരിക്കുമ്പോൾ എത്തുന്ന സ്ഥലത്തല്ല പാസ്റ്റർമാർ എത്തുന്നത്. ഈ വിഡ്ഢിത്തം അംഗീകരിച്ചുകൊണ്ടാണ് മരുപ്പച്ച ''പാസ്റ്റർ റ്റി.യു.തോമസ് സീയോനിൽ'' എന്ന തലക്കെട്ടിൽ വാർത്ത കൊടുത്തത്. ചീഫ് പാസ്റ്റർ സീയോനിൽ എത്താതെ പറ്റില്ലല്ലോ. സാധാരണക്കാരായ വിശ്വാസികളാണ് മരിക്കുന്നതെങ്കിൽ അവർ സീയോന്റെ ഏഴയലത്തുപോലും എത്തുകയുമില്ല.

5. ത്രിത്വനിഷേധം.

എല്ലാ കൾട്ടുകളും ത്രിത്വത്തെ നിഷേധിക്കും. പക്ഷേ റ്റി.പി.എം ത്രിത്വത്തെ നിഷേധിക്കയില്ല. എങ്കിലും വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് ത്രിത്വത്തെ അവഹേളിക്കും. ഉദാഹരണത്തിന്, മൽക്കീസേദേക്ക് പരിശുദ്ധാത്മാവിന്റെ അവതാരമാണെന്നത്രേ റ്റി.പി.എം. പറയുന്നത്. ഗുരുതരമായ ഒരു ദുരുപദേശമാണിത്. കർത്താവായ യേശുക്രിസ്തു മനുഷ്യനായി അവതരിച്ചു എന്നത് ശരിതന്നെ. പക്ഷേ പിതാവോ പരിശുദ്ധാത്മാവോ അവതരിച്ചിട്ടില്ല.

കൾട്ടുകൾക്ക് പൊതുവായി കാണുന്ന ലക്ഷണങ്ങളിൽ റ്റി.പി.എമ്മിന് യോജിക്കുന്നവയേക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. ഇവ കൂടാതെ കുറച്ചധികം ദുരുപദേശങ്ങളും ഇവർ പഠിപ്പിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവയേക്കുറിച്ചുകൂടി പറയാം.

ദൈവവേലക്കാർ അവിവാഹിതരായിരിക്കണം എന്നത്രേ ഇവരുടെ പഠിപ്പിക്കൽ. വിവാഹിതരായവർ ദൈവവേലയ്ക്കിറങ്ങിയാൽ ഭാര്യയേയും മക്കളേയും ഉപേക്ഷിക്കണം. ഇത് സാത്താന്യ ഉപദേശമാണ് എന്നതിന് സംശയമില്ല. സ്വന്ത ഇഷ്ടപ്രകാരം അവിവാഹിതരായിരിക്കുന്നത് തെറ്റല്ല. പക്ഷേ അവിവാഹിതരായിരുന്നേ മതിയാകൂ എന്ന് ശഠിക്കുന്നത് വചനവിരുദ്ധമാണ്. വിവാഹിതർ വേർപിരിയുന്നത് സാത്താന്യവുമാണ്. പക്ഷേ ഇതൊന്നും റ്റി.പി.എമ്മിന് പ്രശ്നമല്ല.

വിറ്റും വിട്ടും ദൈവവേല ചെയ്യണമെന്നാണ് റ്റി.പി.എം പഠിപ്പിക്കുന്നത്. കർത്താവ് ഉടൻ വരും എന്ന ധാരണയിൽ യെരുശലേമിലെ സഭയിലുള്ള ചിലർ തങ്ങളുടെ വസ്തുവകകൾ വിറ്റു എന്നത് ശരിതന്നെ. പക്ഷേ അങ്ങനെ ചെയ്യണമെന്ന് പരിശുദ്ധാത്മാവ് ആരോടും പറഞ്ഞിരുന്നില്ല. അവർ തങ്ങളുടെ സ്വന്ത ഇഷ്ടപ്രകാരം അങ്ങനെ ചെയ്തതാണ്. (പാസ്റ്ററാകുവാനുമല്ല അവർ വിറ്റത്). ഈ നടപടി ശരിയല്ല എന്ന് പിന്നീട് ബോദ്ധ്യമാകുകയും അവസാനിപ്പിക്കയും ചെയ്തു. പിൽക്കാലത്ത് യെരുശലേമിലെ സഭയോ മറ്റ് സ്ഥലങ്ങളിലെ സഭകളോ ഇങ്ങനെ ചെയ്തതുമില്ല. പക്ഷേ ദൈവവേലയ്ക്ക് ഇറങ്ങുന്നവർ എല്ലാം വിറ്റ് സഭയ്ക്ക് നൽകണമെന്നും കുടുംബ ബന്ധങ്ങൾ പോലും ഉപേക്ഷിക്കണമെന്നും റ്റി.പി.എം. പഠിപ്പിക്കുന്നു.

വിശ്വാസിയെന്നും ശുശ്രൂഷകനെന്നും ഉള്ള വ്യത്യാസം റ്റി.പി.എമ്മിൽ തീവ്രമാണ്. കത്തോലിക്കാസഭയിൽപ്പോലും ഇത്ര കഠിനമായ ചേരിതിരിവില്ല. പുതിയനിയമത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് വിരുദ്ധമായ ഒരു ദുരുപദേശമാണിത്. നിത്യതയിൽപ്പോലും ഈ വ്യത്യാസം ഉണ്ടായിരിക്കുമെന്നത്രേ റ്റി.പി.എം പഠിപ്പിക്കുന്നത്.

രക്ഷയെ സംബന്ധിച്ചു റ്റി.പി.എം ഗുരുതരമായ ദുരുപദേശങ്ങൾ പഠിപ്പിക്കുന്നു. വീണ്ടും ജനനം പ്രാപിച്ചതുകൊണ്ടുമാത്രം രക്ഷിക്കപ്പെടുകയില്ലത്രേ. കർത്താവിന്റെ വരവിൽ എടുക്കപ്പെടണമെങ്കിൽ പൂർണ്ണതപ്പെടണം. പൂർണ്ണതപ്പെട്ട വിശുദ്ധൻ, പൂർണ്ണതപ്പെടാത്ത വിശുദ്ധൻ എന്നിങ്ങനെ രണ്ടുതരം വിശുദ്ധൻമാരുണ്ടത്രേ. വിചിത്രമായ വ്യാഖ്യാനമാണിത്. പക്ഷേ ദൈവവചനം പഠിച്ചാൽ വിശുദ്ധനെന്നും അശുദ്ധനെന്നും രണ്ടു വിഭാഗത്തെ മാത്രമേ കാണാനാകൂ.

കർത്താവായ യേശുക്രിസ്തു മടങ്ങി വരുമ്പോൾ പൂർണ്ണതപ്പെട്ട വിശുദ്ധൻമാരെ മാത്രമേ കൊണ്ടുപോകൂ. ബാക്കിയുള്ള വിശുദ്ധൻമാർ ഭൂമിയിൽ അവശേഷിക്കും. ഇവർ എതിർക്രിസ്തുവിന്റെ കാലത്ത് കഷ്ടതകൾ സഹിക്കും. ഇതാണ് റ്റി.പി.എമ്മിന്റെ നിലപാട്. കടുത്ത ദുരുപദേശമാണിത്.

റ്റി.പി.എമ്മിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്ന പാസ്റ്റർ പോളിൽ നിന്ന് ഓർഡിനേഷൻ വാങ്ങിയ ആളാണ് കെ. ഇ.ഏബ്രഹാം. അദ്ദേഹമാണ് ഐ.പി.സിയിലുള്ള മറ്റ് ശുശ്രൂഷകൻമാരെ ഓർഡേയ്ൻ ചെയ്തത്. ചുരുക്കത്തിൽ റ്റി.പി.എമ്മിനോട് ഐ.പി.സിക്ക് ''രക്തബന്ധം'' ഉണ്ട്. അതുകൊണ്ടായിരിക്കാം ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗമായ അച്ചൻകുഞ്ഞിന് റ്റി.പി.എം സ്വീകാര്യമായത്.

കടുത്ത ദുരപദേശങ്ങൾ പ്രചരിപ്പിക്കുന്ന റ്റി.പി.എം എന്ന കൾട്ടിനെ ദൈവസഭയായി അംഗീകരിക്കയും പ്രചരിപ്പിക്കയും ചെയ്യുന്ന അച്ചൻകുഞ്ഞ് അക്ഷന്തവ്യമായ തെറ്റാണ് ചെയ്യുന്നത്. രക്ഷ എന്നാൽ എന്തെന്നുപോലും തിരിച്ചറിയാത്ത അച്ചൻകുഞ്ഞിന് ഇതിന്റെ ഗൗരവം മനസ്സിലാകുകയില്ല. പക്ഷേ ഡിഫെൻഡറിന് അച്ചൻകുഞ്ഞിനേപ്പോലുള്ളവരെ എതിർക്കാതെ പറ്റില്ല.

## പുസ്തക പരിചയം




ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകം ലോകപ്രസിദ്ധമാണ്. സുവിശേഷത്തിന്റെ മറവിൽ തട്ടിപ്പു നടത്തുന്നവർക്ക് ഈ പുസ്തകം ഒരു പേടിസ്വപ്നവുമാണ്. ബെന്നിഹിനും യോംഗിചോയും ഉൾപ്പെടെയുള്ളവരുടെ തട്ടിപ്പുകളേക്കുറിച്ച് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. നടക്കാത്ത രോഗശാന്തി നടന്നെന്നും സംഭവിക്കാത്ത അത്ഭുതങ്ങൾ സംഭവിച്ചെന്നും ഒക്കെ പ്രചരിപ്പിച്ച് ജനവഞ്ചന നടത്തുന്ന വ്യാജൻമാർ ഏറെയുള്ള കേരളത്തിൽ ഈ ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ വളരെയധികം പ്രയോജനം ചെയ്യും എന്നതിന് സംശയമില്ല.

ബ്രദർ കെ.പി.വർഗീസ് തർജ്ജമ ചെയ്തിരിക്കുന്ന ഈ പുസ്തകം തൊടുപുഴയിലുള്ള ലിവിംഗ് വാട്ടർ മിനിസ്ട്രിയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

പേജ്: 420. വില: 180 രൂപ.

വിലാസം:
ലിവിംഗ് വാട്ടർ മിനിസ്ട്രീസ്, വെയർ ഹൗസ് റോഡ്,
തൊടുപുഴ ഈസ്റ്റ്, ഇടുക്കി ജില്ല.

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan